VOL NO: 04 | ISSUE 39
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 SEPTEMBER 26 | 1442 SAFAR 02 | ₹12

വാരിക



## പരിവർത്തനം തേടുന്ന ലോക സാമ്പത്തികക്രമം

കോവിഡ് കാലാനന്തരം ലോകം ശക്തമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുമെന്നാണ് സാമ്പത്തിക വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നത്. പണക്കാർക്കും കോർപറേറ്റുകൾക്കും മാത്രം നേട്ടം ഉണ്ടാക്കിക്കൊടുക്കുന്ന പരമ്പരാഗത ശീലങ്ങളെയും പലിശയെയും പഴകിയ ഇസങ്ങളെയും അവലംബമാക്കിക്കൊണ്ടുള്ള ധനസമാഹരണ വിനിയോഗ രീതികൾ ഒഴിവാക്കേണ്ടതുണ്ട്. പകരം ദരിദ്രരുടെയും ഇടത്തരക്കാരുടെയും നിലനിൽപ്പിനെ കൂടി പരിഗണിച്ചുകൊണ്ടും ദാനധർമങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടുമുള്ള മാനുഷിക മുഖം സമ്പദ്‌വ്യവസ്ഥക്ക് സമ്മാനിച്ചെങ്കിൽ മാത്രമെ ലോകം സാമ്പത്തികമാന്ദ്യത്തിൽ നിന്നും കരകയറുകയുള്ളൂ.

|| അസഹിഷ്ണുതയുടെ മനഃശാസ്ത്രം
|| ജാറവും ഉറൂസുമില്ലാതെ വിസ്മരിക്കപ്പെട്ട ദഹ്‌ലാൻ
|| മുസ്‌ലിംകളും കൊറോണവ്യാപനത്തിന്റെ ശരിദൂരങ്ങളും

## രാഷ്ട്രീയ പകപോക്കലിന് ക്വുർആനിനെ കൂട്ടു പിടിക്കുകയോ?

സ്വർണക്കടത്തുമായി ബന്ധപ്പെട്ട് കേരളത്തിൽ രൂക്ഷമായ രാഷ്ട്രീയ വാഗ്വാദങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. യാദൃച്ഛികമായാണ് ക്വുർആൻ ഇതിലേക്ക് വലിച്ചിഴക്കപ്പെട്ടത്. പ്രശ്നങ്ങളുടെ മർമത്തിൽ നിന്ന് ചർച്ച വഴിതിരിച്ചു വിടാൻ ക്വുർആനെ ഉപയോഗിക്കുന്നതിലേക്കാണ് കാര്യങ്ങൾ എത്തിയിരിക്കുന്നത്. എന്ത് ഉദ്ദേശ്യത്തിന്റെ പേരിലായാലും ഇത് ഭൂഷണമല്ല.



മാനസിക
സമ്മർദങ്ങൾക്ക്
സ്നേഹ സാന്ത്വനം
WISDOM YOUTH
WISDOM
alive
COUNSELLING DESK
കൊറന്റൈൻ ചെയ്യപ്പെട്ടവർക്ക് സമാശ്വാസം
മാനസിക ശാരീരിക പ്രതിസന്ധികൾക്ക് പരിഹാരം
വിളിക്കേണ്ട സമയം : 9 AM to 5 PM
വിദഗ്ദ്ധ ഡോക്ടർമാർ, മാനസികരോഗ വിദഗ്ദ്ധർ, ഫാമിലി കൗൺസിലർമാർ, പണ്ഡിതൻമാർ തുടങ്ങിയവരുടെ സേവനം.
WISDOM HEALTHCARE
Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut
wisdomyouth

നേർപഥം
വാരിക

0193 / 2020 സെപ്തംബർ 26 / 1442 സഫർ 09 / പുസ്തകം 04 / ലക്കം 39



# പരിവർത്തനം തേടുന്ന ലോക സാമ്പത്തികക്രമം

സുഫ്‌യാൻ അബ്ദുസ്സലാം

**മുഖമൊഴി**
രാഷ്ട്രീയ പകപോക്കലിന് ക്വുർആനിനെ കൂട്ടുപിടിക്കുകയോ? / 05

**ജാലകം**
ലൈക്കടിക്കുക / 06
- സി

**ക്വുർആൻ ദർശനം**
മുംതഹിന, ഭാഗം: 1 / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**നമുക്ക് ചുറ്റും**
സ്വവർഗ ലൈംഗികത മനുഷ്യത്വവിരുദ്ധം / 34
ടി.കെ.അശ്റഫ്

**ലേഖനം**
ജാറവും ഉറൂസുമില്ലാതെ വിസ്മരിക്കപ്പെട്ട ദഹ്‌ലാൻ / 07
യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

മുസ്‌ലിംകളും കൊറോണവ്യാപനത്തിന്റെ ശരിദൂരങ്ങളും / 18
സി.ടി. അഹ്മദ് കബീർ ഒതായി

മേഘങ്ങളെ കുറിച്ച ക്വുർആനിക പരാമർശങ്ങൾ / 22
ഡോ. ജൗസൽ

കോവിഡും വിശ്വാസികളുടെ ബാധ്യതകളും / 26
സി.പി സലീം

അസഹിഷ്ണുതയുടെ മനഃശാസ്ത്രം / 28
പ്രൊഫ. കെ.പി സഅദ്

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




# മുഹമ്മദ് നബിﷺ എന്ന മാതൃകാ ഗുരുനാഥൻ

1400 വർഷങ്ങൾക്കു മുമ്പ്, ഒരു യൂണിവേഴ്സിറ്റിയിൽ നിന്നും ഒരു ഡിഗ്രിയും കരസ്ഥമാക്കിയിട്ടില്ലാത്ത, അക്ഷരജ്ഞാനം പോലുമില്ലാത്ത ഒരധ്യാപകനുണ്ടായിരുന്നു ഈ ലോകത്ത്. ലോകജനതയ്ക്കുതന്നെ മാർഗദർശിയായി പ്രപഞ്ചനാഥൻ നിയോഗിച്ച ഒരധ്യാപകൻ; പ്രവാചകൻ മുഹമ്മദ്ﷺ.

ഏതെങ്കിലും പ്രത്യേക വിഷയത്തിലോ പ്രത്യേക ചുറ്റുപാടിലോ മാത്രം ഒതുങ്ങിയ അധ്യാപനമായിരുന്നില്ല അദ്ദേഹത്തിന്റേത്. ജാതി, മത, വർണ, വർഗ വ്യത്യാസങ്ങൾ നോക്കാത്ത, ഭൗതിക താൽപര്യങ്ങൾ ക്കതീതമായ അധ്യാപനം. മാനവരാശിയെ അജ്ഞതയുടെ അന്ധകാരത്തിൽനിന്ന് അറിവിന്റെ വെളിച്ചത്തിലേക്ക് സ്നേഹപൂർവം നയിച്ച, സൽസ്വഭാവത്തിന്റെ പൂർത്തീകരണം ലോകത്തിന് സമർപ്പിച്ച അധ്യാപനം.

അനാഥമക്കളുടെ മുമ്പിൽവച്ച് സ്വന്തം മക്കളെ ലാളിക്കരുതെന്ന് പഠിപ്പിച്ച കാരുണ്യത്തിന്റെ അധ്യാപകൻ, അയൽവാസി പട്ടിണികിടക്കുമ്പോൾ വയറുനിറച്ച് ഭക്ഷണം കഴിക്കുന്നവൻ യഥാർഥ വിശ്വാസിയല്ല എന്നു പഠിപ്പിച്ച സ്നേഹ-സാഹോദര്യത്തിന്റെ അധ്യാപകൻ, 'ജൂതനാണെങ്കിലും അയാൾ മനുഷ്യനല്ലേ' എന്ന ഓർമപ്പെടുത്തലിലൂടെ മനുഷ്യത്വത്തിന്റെ മൂല്യം പഠിപ്പിച്ചുതന്ന അധ്യാപകൻ.

സ്വന്തം മകൾ ഫാത്വിമയാണ് മോഷ്ടിച്ചതെങ്കിൽ പോലും മോഷ്ടാവിനുള്ള ശിക്ഷയായി അവളുടെ കരം മുറിക്കുമെന്ന് ഓർമപ്പെടുത്തിയ നീതിയുടെ അധ്യാപകൻ. പുഞ്ചിരിക്കുന്ന മുഖവുമായി തന്റെ സഹോദരനെ സമീപിക്കുന്നതുപോലും ധർമമാണെന്ന് പഠിപ്പിച്ച മാതൃകാഗുരുനാഥൻ; അതായിരുന്നു മുഹമ്മദ് നബിﷺ.

തള്ളപ്പക്ഷിയിൽ നിന്നും അകറ്റിയ പക്ഷിക്കുഞ്ഞിനെ തിരികെ അതിന്റെ മാതാവിലേക്ക് എത്തിച്ചുകൊടുക്കാൻ കൽപിച്ച കാരുണ്യത്തിന്റെ ഗുരുനാഥൻ. തമാശയായി പോലും കള്ളം പറയരുതെന്ന് പഠിപ്പിച്ച സത്യത്തിന്റെ വഴികാട്ടി. അല്ലാഹുവിന്റെ ഭവനങ്ങളായ പള്ളികളിൽ പ്രവേശിക്കുന്നതു മുതൽ തിരിച്ചിറങ്ങുന്നതുവരെ പാലിക്കേണ്ട അച്ചടക്ക മര്യാദകൾ പകർന്നുതന്ന മഹാനായ ഗുരു.

വഴിയിൽനിന്നും ഉപദ്രവങ്ങൾ നീക്കുന്നത് പുണ്യമാണെന്നും നിന്റെ മനസ്സിൽ ചൊറിച്ചിലുണ്ടാക്കുന്നതെല്ലാം പാപമാണെന്നും പഠിപ്പിച്ച മഹാൻ. ആത്മാർഥത, ലാളിത്യം, സത്യസന്ധത, അനുകമ്പ തുടങ്ങിയ സ്വഭാവ ഗുണങ്ങൾ മുഹമ്മദ് നബിﷺ എന്ന ഗുരുനാഥന്റെ മുദ്രകളായിരുന്നു. ഒരേസമയം കുടുംബനാഥനായും സ്നേഹനിധിയായ പിതാവായും അനാഥകൾക്ക് തണലായും രാഷ്ട്രത്തലവനായും സേനാനായകനായും മാതൃകകാണിച്ച സമാനതകളില്ലാത്ത ഗുരുനാഥൻ.

യഥാർഥ അധ്യാപകൻ അറിവിൽ വർധനവ് ആഗ്രഹിക്കുന്നവനാണ്. 'അല്ലാഹുവേ എനിക്ക് നീ അറിവു വർധിപ്പിച്ച് തരേണമേ' എന്ന് പ്രവാചകൻ പ്രാർഥിക്കുമായിരുന്നു. അറിവു നേടാൻ അനുചരന്മാരെ ഉപദേശിക്കുമായിരുന്നു.

എങ്ങനെ പ്രവാചകൻﷺ അധ്യാപകരിൽ ഉത്തമനായി? അവിടുന്ന് പഠിപ്പിക്കുന്ന കാര്യങ്ങൾ ആദ്യം സ്വന്തം ജീവിതത്തിൽ പകർത്തി മാതൃക കാണിച്ചു, വർഗത്തിന്റെയും തൊലിയുടെ നിറത്തിന്റെയും ഇല്ലായ്മയുടെയും പേരിൽ ഒരാളെയും തന്നിൽനിന്ന് അകറ്റിനിർത്തിയില്ല. കേൾക്കുന്നവർക്ക് മനസ്സിലാകുന്നവിധം കാര്യങ്ങൾ സാവകാശത്തിലും ആവർത്തിച്ചും പറഞ്ഞുകൊടുക്കും. ഉത്തമ സ്വഭാവത്തിനുടമയായ വ്യക്തിക്കുമാത്രമെ ഉത്തമനായ അധ്യാപകനാവാൻ കഴിയൂ. പ്രവാചകൻ എല്ലാവിധ ഉത്തമഗുണങ്ങളും ഒത്തിണങ്ങിയ ഗുരുനാഥനായിരുന്നു. പ്രിയ പത്നി ആഇശؓ അവിടുത്തെ സ്വഭാവത്തെക്കുറിച്ച് പറഞ്ഞത്; അദ്ദേഹത്തിന്റെ സ്വഭാവം ക്വുർആനായിരുന്നു എന്നാണ്.

അവിടുന്ന് പുഞ്ചിരിച്ചിരുന്നു; എന്നാൽ പൊട്ടിച്ചിരിച്ചിരുന്നില്ല. ദുഃഖിച്ചിരുന്നു; എന്നാൽ വിലപിച്ചിരുന്നില്ല. ഔദാര്യവാനായിരുന്നു; എന്നാൽ അമിതവ്യയം ചെയ്തിരുന്നില്ല. കോപിക്കേണ്ട ഘട്ടത്തിൽ കോപിച്ചിരുന്നു; എന്നാൽ അക്രമാസക്തനായിട്ടില്ല. ഇങ്ങനെ എണ്ണിയാൽ തീരാത്ത സൽസ്വഭാവത്തിനുടമയായിരുന്നു ആ അധ്യാപകൻ.

**-അഹ്‌ലിയ യൂസുഫ്**

മുഖമൊഴി

# രാഷ്ട്രീയ പകപോക്കലിന് ക്വുർആനിനെ കൂട്ടുപിടിക്കുകയോ?

ക്വുർആൻ സകലവിധ അധർമങ്ങളെയും എതിർക്കുന്ന വേദഗ്രന്ഥമാണ്. എന്നാൽ ആ ക്വുർആനിനെത്തന്നെ അധർമത്തിനും മറ്റു പല സ്വാർഥ താൽപര്യങ്ങൾക്കും വേണ്ടി ഉപയോഗിച്ച സംഭവങ്ങൾ പലതും ചരിത്രത്തിൽ കാണാവുന്നതാണ്. അതിൽ ഭരണാധികാരികൾക്കും പണ്ഡിതന്മാർക്കും പങ്കുള്ളതായി കാണാം.

ക്വുർആനിൽ സ്വർണം ഒളിപ്പിച്ചുകടത്തിയ സംഭവം നമ്മുടെ നാട്ടിൽ മുമ്പ് നടന്നിട്ടുണ്ട്. ചെറിയ തോതിലുള്ള ഒളിച്ചുകടത്തലായിരുന്നെങ്കിലും അന്നത് വലിയ വാർത്താപ്രാധാന്യം നേടിയതായി ഓർക്കുന്നു. കിലോകണക്കിന് സ്വർണം വിദേശത്തുനിന്ന് ഒളിപ്പിച്ചു കടത്തുന്നതും അത് പിടികൂടുന്നതും വാർത്തകളിൽ ഇടംപിടിക്കുന്നതും പിന്നെ അതിനെക്കുറിച്ച് ഒന്നും കേൾക്കാതിരിക്കുന്നതുമെല്ലാം നമുക്ക് സുപരിചിതമായ കാര്യമാണ്. എന്നാൽ ഈയിടെ നടന്ന സ്വർണക്കടത്തു കേസ് പുതുമയുള്ളതാണ്. കാരണം വേലിതന്നെ വിളതിന്നുന്ന കേസാണത്. രാജ്യത്തിന്റെ നിയമങ്ങളെല്ലാം പാലിച്ച് മാതൃകയാകേണ്ട, ഉന്നതസ്ഥാനം വഹിക്കുന്ന ഉദ്യോഗസ്ഥരും ഭരണതലത്തിലുള്ളവരും ഇത്തരം കേസുകളിൽ പങ്കാളികളാണെന്നു വരുന്നത് അത്ര നിസ്സാരമായി തള്ളിക്കളയേണ്ടതല്ല. പഴുതടച്ച അന്വേഷണം ആവശ്യമാണ്. കുറ്റവാളികൾ ആരായാലും ശിക്ഷിക്കപ്പെടണം. രാഷ്ട്രീയമായ മുതലെടുപ്പിനായി വ്യാജാരോപണം ഉന്നയിക്കുന്നതാകട്ടെ പ്രബുദ്ധകേരളത്തിന്റെ സംസ്കാരത്തിന് യോജിച്ചതുമല്ല.

അതിരിക്കട്ടെ, ഇപ്പോൾ പ്രശ്നം മറ്റൊരുതലത്തിലേക്ക് വഴുതിവീണിരിക്കുന്നു. വിശുദ്ധക്വർആനിനെ കൂട്ടുപിടിച്ചാണ് ഇപ്പോൾ കളിനടക്കുന്നത്. ഒരു മന്ത്രി വിദേശത്തുനിന്ന് ക്വുർആൻ വരുത്തിച്ചതും വിതരണം ചെയ്തതും ഇന്ന് വൻവാർത്തയാണ്. ക്വർആനിന്റെ മറവിൽ സ്വർണക്കടത്തു നടന്നിട്ടുണ്ട് എന്നതാണ് ആരോപണം. അതിനെക്കുറിച്ച് അന്വേഷിക്കേണ്ടവർ അന്വേഷിക്കുകയും നിജസ്ഥിതി കണ്ടെത്തുകയും ചെയ്യട്ടെ.

രാഷ്ട്രീയ പകപോക്കലിനും മുതലെടുപ്പിനും ക്വുർആനിനെ കൂട്ടുപിടിക്കുന്നതിനെ ഒരിക്കലും ന്യായീകരിക്കാനാവില്ല. ഖേദകരമെന്നു പറയട്ടെ ഇന്ന് അതാണു നാം കണ്ടുകൊണ്ടിരിക്കുന്നത്. മുസ്‌ലിം, ഇസ്‌ലാം, ക്വുർആൻ എന്നൊക്കെ കേൾക്കുമ്പോഴേക്കും പാക്കിസ്ഥാൻ, അൽഖായിദ, ഐഎസ് എന്ന് മനസ്സിൽ തികട്ടിവരുന്ന രൂപത്തിൽ ജനങ്ങളെ പരുവപ്പെടുത്തിയെടുക്കുന്നതിൽ ഒരളവോളം വിജയിച്ച നീതിബോധമില്ലാത്ത മാധ്യമങ്ങൾക്ക് ആഹ്ലാദിക്കാൻ ഇതിൽപരം ഇനിയെന്തുവേണം!

ക്വുർആൻ ഇറക്കുമതി ചെയ്തതിന്റെ മറവിൽ മന്ത്രി 'എന്തോ' നടത്തിയതായി പ്രതിപക്ഷം. ക്വുർനിനെതിരായ സമരമാണ് പ്രതിപക്ഷം നടത്തുന്നതെന്ന് ഭരണപക്ഷം! ക്വുർആൻ കെട്ടുകഥയാണെന്ന് പറയാതെ പറയുന്ന തരത്തിൽ കാർട്ടൂൺ പ്രസിദ്ധീകരിച്ച മുത്തശ്ശി പത്രം! സംഘപരിവാർ കൂടാരമാകട്ടെ 'ഗ്രഹണിപിടിച്ചവൻ ചക്കക്കൂട്ടാൻ കണ്ടപോലെ' ആക്രാന്തം കാണിച്ച് ചാടിവീണിരിക്കുകയാണ്. അതിന്റെ കൂടെ ആവശ്യത്തിൽ കവിഞ്ഞ മസാലക്കൂട്ടുമായി എറണാകുളത്തുനിന്നും 'അൽഖായിദ' പ്രവർത്തകരെ പിടികൂടിയ വാർത്തകൂടി വന്നപ്പോൾ അവർക്ക് സന്തോഷം അടക്കാനാവുന്നില്ല. ഇസ്‌ലാമോ ഫോബിയ വളർത്തുന്നതിന് ലഭിക്കുന്ന ഒരവസരവും അവർ പാഴാക്കുകയില്ലല്ലോ. അവരെ സുഖിപ്പിക്കുവാനായി ചില മുഖ്യാധാരാമാധ്യമങ്ങൾ പരമാവധി പരിശ്രമിക്കുന്നത് നാം കാണാതിരുന്നുകൂടാ.

പ്രപഞ്ച സ്രഷ്ടാവിനോടു മാത്രമെ പ്രാർഥിക്കാവൂ എന്ന് കൃത്യമായും വ്യക്തമായും പഠിപ്പിക്കുന്ന വേദഗ്രന്ഥമാണ് ക്വുർആൻ. ആ ക്വുർആനിലെ ചില വചനങ്ങളെ ദുർവ്യാഖ്യാനിച്ച് സൃഷ്ടികളോട് വിളിച്ചുപ്രാർഥിക്കാൻ തെളിവായി ജനങ്ങളെ പഠിപ്പിക്കുന്ന പണ്ഡിതന്മാരും ഭൗതിക താൽപര്യങ്ങൾക്കുവേണ്ടി ക്വുർആനിനെ ദുരുപയോഗം ചെയ്യുന്നവരാണ്; സ്വണക്കടത്തിനെക്കാൾ വലിയ കുറ്റം ചെയ്യുന്നവർ.

-സി.
mail@nerpatham.com

ജാലകം

# ലൈക്കടിക്കുക

വികസിച്ചുവരുന്ന ഒരു പട്ടണത്തിൽ മുസ്‌ലിംകൾക്ക് നമസ്‌കരിക്കാൻ ഒരു മസ്ജിദിന്നുവേണ്ട ഭൂമി കുറഞ്ഞ വിലയ്ക്ക് ഒത്തുകിട്ടിയപ്പോൾ, എത്രയും പെട്ടെന്ന് ആ പണം കൊടുത്തു സ്ഥലം സ്വന്തമാക്കാൻ കടംവാങ്ങുവാൻ തീരുമാനിച്ചു. സർവാദരണീയനും വയോവൃദ്ധനുമായ ഒരു വ്യക്തിയെ മുന്നിലിരുത്തി കടംതരുവാൻ കഴിവുള്ളയാളെന്ന് പ്രതീക്ഷിക്കുന്ന ഒരു സഹോദരന്റെ വീട്ടിലെത്തി. നാലുദിവസം കുടുംബ സമേതം ഊട്ടിയിൽ കഴിഞ്ഞു തിരിച്ചെത്തി വിശ്രമിക്കുന്ന സമയത്ത് കടം ചോദിച്ചു ചെന്നതിന്റെ നീരസം മാന്യമായി പ്രകടിപ്പിച്ചതോടൊപ്പം ഊട്ടിയിൽനിന്ന് ഒരു വളർത്തു നായയെ വാങ്ങാൻ ഭീമമായ സംഖ്യ വേണ്ടിവന്നതിനാൽ കടം തരാൻ പ്രയാസമാണെന്നറിയിച്ചപ്പോൾ വെറുംകയ്യോടെ മടങ്ങേണ്ടിവന്നു. പിന്നീട് ആ സഹോദരൻ ഖേദിച്ചുമടങ്ങി സദ്‌വൃത്തിയിൽ മുഴുകിയിരിക്കെയാണ് മരണപ്പെട്ടത് എന്നറിഞ്ഞു. അൽഹംദുലില്ലാഹ്.

സ്വന്തം സുഖമായി ജീവിക്കുമ്പോൾ സമൂഹത്തിന്റെ ആവശ്യങ്ങളോ ദുരിതങ്ങളോ പലരുടെയും മനസ്സിൽ തട്ടുന്നില്ല എന്നു പറയാനാണ് ഈ സംഭവം ഓർത്തത്. നാം ഒന്നു കരുതി പ്രവർത്തിച്ചാൽ എത്രയോ സഹോദരങ്ങളെ കണ്ണീരിൽനിന്ന് എളുപ്പത്തിൽ കരകയറ്റാനാകുമെന്ന് നാമോർക്കണം.

അഭിമാനം കാത്തുസൂക്ഷിച്ച് ധർമനിഷ്ഠയോടെ ജീവിക്കുന്ന എത്രയോപേർ നമുക്കു ചുറ്റുമുണ്ട്. പറക്കമുറ്റാത്ത അനാഥകൾ, അഗതികൾ, ആരോടും പ്രയാസം പറയാതെ മാനംകാത്ത് ജീവിക്കുന്ന വിധവകൾ, ഹലാലായത് തിന്നണമെന്നു കൊതിച്ച് ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ ശ്രമിച്ചിട്ടും അതിനു കഴിയാത്ത ഹതഭാഗ്യർ, തലചായ്ക്കാനിടമില്ലാത്തവർ, പുരനിറഞ്ഞു നിൽക്കുന്ന പെൺമക്കളുടെ നെടുവീർപ്പുകൾ കേട്ട് ഉറക്കമൊഴിക്കുന്ന രക്ഷിതാക്കൾ... അങ്ങനെ പലരും.

നമ്മളിലൊരാൾ മാത്രം വിചാരിച്ചാൽ പരിഹരിക്കാവുന്നല്ല ഈ പരീക്ഷണങ്ങൾ. എന്നാൽ ഒത്തുപിടിച്ചാൽ അനായാസം കഴിയാവുന്നതേയുള്ളൂ. സുരക്ഷിതമായി ഒരു കൊച്ചുകൂരയിൽ കിടന്നുറങ്ങാനുള്ള ഭാഗ്യം കാത്തിരിക്കുന്ന വീടില്ലാത്ത എത്രയോപേർ നമുക്കിടയിലുണ്ട്. സാമൂഹ്യ-രാഷ്ട്രീയ-മത-സാംസ്‌കാരിക രംഗങ്ങളിൽ എത്രയോ വലിയ 'ആനക്കാര്യ'ങ്ങളുള്ളപ്പോൾ, നാട്ടിലെ ആരുമറിയാത്ത പാവത്തിന്റെ പ്രയാസങ്ങൾ പലരും 'ചേനക്കാര്യ'മായി മറന്നുപോവുകയാണ്.

മദീനയിലെ നബിﷺയുടെ പള്ളിയിൽ ധ്യാനത്തിൽ (ഇഅ്തികാഫ്) മുഴുകിയിരിക്കുകയായിരുന്ന ഇബ്നു അബ്ബാസി(റ)ന്റെ അടുത്ത് ഒരാൾ തന്റെ ദുരിതങ്ങൾ ചെന്നുപറഞ്ഞു. ഇത് കേട്ടപ്പോൾ എഴുന്നേറ്റ് പള്ളിയിൽനിന്നിറങ്ങി പ്രശ്‌നം പരിഹരിച്ചുകൊടുക്കാൻ വേണ്ടി അയാളുടെ കൂടെ പുറപ്പെടാനൊരുങ്ങിയപ്പോൾ ആഗതൻ ചോദിച്ചു: 'താങ്കൾ ഇഅ്തികാഫിലാണെന്ന കാര്യം മറന്നോ?' ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'ഇല്ല, എന്നാൽ പള്ളിയിൽ പത്തുവർഷം ധ്യാനിച്ചിരിക്കുന്നതിനെക്കാൾ പുണ്യം മനുഷ്യന്റെ പ്രശ്‌നങ്ങൾ പരിഹരിക്കാനിറങ്ങിത്തിരിക്കുന്നതാണെന്ന്, ഈയടുത്തകാലത്ത് നമ്മോട് വിടപറഞ്ഞ റസൂൽﷺ പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്' (ത്വബ്‌റാനി).


'വിധവകൾക്കും അഗതികൾക്കും വേണ്ടി സേവനത്തിന്നിറങ്ങിയവർക്ക് അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവരുടെ പുണ്യമുണ്ടെ'ന്ന, ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത നബിവചനം ഇതോടൊപ്പം ചേർത്തുവായിക്കുക.

സകാത്ത് സംവിധാനം നമുക്കുണ്ട്. പുറമെ ദാനധർമങ്ങൾ ഏറെ നൽകുന്ന സ്വഭാവവും നമുക്കിടയിലുണ്ട്. ഇതിന്റെയൊക്കെ ഫലം കിട്ടേണ്ടവർക്ക് എത്തുന്നില്ല. ശ്രദ്ധിക്കാൻ ഒരാളില്ലാത്തതാണ് പ്രധാന പ്രശ്‌നം. നമ്മുടെ ഓരോ പ്രദേശത്തും സ്വമേധയാ ഒരാൾ മുന്നിട്ടിറങ്ങിയാൽ പലതും നമുക്ക് പരിഹരിക്കാൻ കഴിയും. ഞാനും എന്റെ മക്കളും എന്ന പുതപ്പിന്നുള്ളിലാണ് അധികമാളുകളും. അത് സ്വാഭാവികവുമാണ്. 'പിശുക്ക് മനസ്സുകളിൽനിന്നു വിട്ടുമാറാത്തതാണ്' എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ (ക്വുർആൻ 4:128). തന്നെയും തന്റെ മക്കളെയും പോലെയാണ് 'മറ്റുള്ളവനും അവന്റെ മക്കളും' എന്ന വിചാരമുള്ള ഒരാൾ മതി; വീടില്ലാത്തവന്ന് വീടും തൊഴിലില്ലാത്തവന്ന് തൊഴിലും വിവാഹവും ചികിത്സയും മറ്റും ലഭ്യമാക്കാൻ കഴിയും.

സഹായം അർഹിക്കുന്നവരുണ്ട്. സഹായിക്കാൻ സന്മനസ്സുള്ളവരുമുണ്ട്. ഇതിന്നിടക്ക് നിൽക്കാനാണ് സേവകന്മാർ വേണ്ടത്. വീടായോ മറ്റു സഹായമായോ ഒരു പദ്ധതി നാം തുടങ്ങിവച്ചാൽ അത് പൂർത്തീകരിക്കാൻ നാമറിയാത്ത പലരും എത്തിപ്പെടുമെന്നത് അനുഭവ യാഥാർഥ്യമാണ്. ഏതൊരു നന്മയിലും അല്ലാഹുവിന്റെ കൈകൾ അദൃശ്യമായി നീണ്ടുവരും. വലിയ വലിയ ആനക്കാര്യങ്ങൾക്കിടയിൽ ഈ ചേനക്കാര്യം ഏറ്റെടുക്കാനാരുണ്ട്? ഇതിനൊക്കെയാണ് ലൈക്കടിക്കേണ്ടത്!

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com

ലേഖനം




# ജാറവും ഉറൂസുമില്ലാതെ വിസ്മരിക്കപ്പെട്ട ദഹ്‌ലാൻ

**ഹുജ്റത്തുശ്ശരീഫ കൊള്ളയടിച്ചത് വഹാബികളോ തുർക്കികളോ...? 2**

'വഹാബിസത്തിന്റെ നട്ടെല്ലൊടിക്കുന്ന ആദ്യത്തെയും സമ്പൂർണവുമായ കൃതി'യെന്ന് ബറെലവികൾ കൊട്ടിഘോഷിക്കുന്ന 'റദ്ദുൽവഹാബിയ്യ' എന്ന ക്ഷുദ്രകൃതിയുടെ കർത്താവ് അഹ്മദ് സൈനീ ദഹ്‌ലാൻ എന്ന പണ്ഡിതനാണ്. ഹിജാസിന്റെ ആധിപത്യം തുർക്കിയിലെ ഉസ്മാനിയാ ഖിലാഫത്തിന്റെ നിയന്ത്രണത്തിൽ ആയിരിക്കെ മക്കയിലെ ശാഫിഈ മദ്ഹബിന്റെ മുഫ്തിയുടെ റോൾ ആയിരുന്നു ഈ പറയപ്പെട്ട ദഹ്‌ലാന്. ശാഫിഈ കർമശാസ്ത്ര സരണിയുടെ മുഫ്തിയെന്ന പേരിൽ പ്രശസ്തനായ ദഹ്‌ലാന്റെ ഈ ക്ഷുദ്രകൃതിക്ക് ലോകമെമ്പാടും പ്രചാരണത്തിന് ചുക്കാൻ പിടിച്ചത് അധികാര നഷ്ടത്തിന്റെ ഭീതിയിൽ കഴിഞ്ഞിരുന്ന തുർക്കിയിലെ ഉസ്മാനിയാക്കളായിരുന്നു.

ഇബ്നു അബ്ദുൽ വഹാബിന്റെയും സുൽത്വാൻ മുഹമ്മദ് ഇബ്നു സുഊദിന്റെയും ആദർശപ്രചാരണങ്ങൾക്ക് മുന്നിൽ ആശയപരമായി പിടിച്ചുനിൽക്കാൻ കഴിയാതെ തകർച്ചയുടെ വക്കത്തെത്തിയ നജ്ദിലെ വിരോധികൾ ഇറാഖിലെയും ഹിജാസിലെ വിവിധ പ്രവിശ്യകളിലെയും പണ്ഡിതന്മാരോട് സഹായം അഭ്യർഥിക്കുകയും, സംയുക്ത ഗൂഢാലോചനയുടെ ഫലമായി അപവാദപ്രചാരണത്തിൽ ഏർപ്പെടുകയും ചെയ്യുകയായിരുന്നുവെന്നാണ് ബറെലവി/സുന്നി സഹയാത്രികനായ മുഹമ്മദ് സാലിം ബുർഹാനിയുടെ നിരീക്ഷണം.(14)

ഹിജ്റ: 1231ൽ മക്കയിൽ ജനിച്ച അഹ്മദ് സൈനീ ദഹ്‌ലാൻ ഒട്ടനവധി ഗ്രന്ഥങ്ങളുടെ രചയിതാവാണ്. കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം, ഗ്രാമർ, ഗണിതം തുടങ്ങിയ ഒട്ടനവധി വൈജ്ഞാനിക ശാഖകളിൽ ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹം ശൈഖ് അബ്ദുൽ ക്വാദിർ ജീലാനിയുടെ പരമ്പരക്കാരനായിട്ടാണ് അറിയപ്പെടുന്നത്. നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവായിട്ടും മക്കയിൽ ശാഫിഈ മുഫ്തിയുടെ സ്ഥാനപദവി അലങ്കരിച്ചിട്ടും വഹാബി വിരുദ്ധർക്ക് ഊർജം പകരുന്ന നിലയിൽ 'റദ്ദുൽവഹാബിയ്യ' എന്ന ക്ഷുദ്രകൃതിയുടെ രചന നിർവഹിച്ച് അതിന്റെ പ്രചുരപ്രചാരകനായിട്ടും അറേബ്യൻ സമൂഹത്തിൽ അഹ്മദ് സൈനീ ദഹ്‌ലാനെന്ന വ്യക്തിയെ അനുസ്മരിക്കുന്നവരെയോ അദ്ദേഹത്തിന്റെ സേവന രചനകളെ എടുത്തുപറയുന്നവരെയോ കാണാൻ കഴിയുന്നില്ലെന്നത് ഒരു പരമസത്യമാണ്.

ഹിജ്റ: 1304ൽ മദീനയിൽ മരണപ്പെട്ട് അവിടെ ക്വബ്റടക്കം നിർവഹിക്കപ്പെട്ടുവെന്ന് ചില രേഖകളിൽ പരാമർശമുണ്ടെങ്കിലും ദഹ്‌ലാന്റെ ജാറം കണ്ടെത്താനോ അദ്ദേഹത്തിന്റെ ആണ്ടുനേർച്ച കഴിക്കാനോ ഇന്നോളം ബറെലവി/സുന്നികൾ തയ്യാറായി മുന്നോട്ടുവന്നിട്ടില്ല. ദഹ്‌ലാന്റെ വീടോ ജാറമോ കണ്ടെത്തി അതിന്റെ പേരിൽ എന്തെങ്കിലും ഒരാഘോഷ പരിപാടിക്കെങ്കിലും തുടക്കമിടാൻ തയ്യാറാകാത്ത നിലയിൽ ബറെലവികളുടെ മനസ്സിൽനിന്നുപോലും ദഹ്‌ലാൻ വിസ്മരിക്കപ്പെട്ടുവോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഇത് കേവലം റദ്ദുൽവഹാബിയ്യയുടെ കർത്താവായ ദഹ്‌ലാന്റെ മാത്രം അവസ്ഥയല്ല. വഹാബികളെ സംശയത്തിന്റെ മുൾമുനയിൽ നിർത്തി അവഹേളിക്കാൻ കച്ചകെട്ടിയിറങ്ങിയ സകലമാന സ്വൂഫി/ബറെലവികളുടെയും പരിണിതി ഇങ്ങനെത്തന്നെയായിരുന്നു. എന്നാൽ ഇവരുടെ വിമർശനത്തിന്റെ കൂരമ്പുകൾ ഏറ്റുവാങ്ങിയ ഹിജാസിലെയും നജ്ദിലെയും പണ്ഡിതവരേണ്യന്മാരുടെ നൂറുകണക്കിന് ഗ്രന്ഥങ്ങളും ആ പരമ്പരയിൽനിന്നും ഇസ്‌ലാമിക വിജ്ഞാനത്തിന്റെ മുത്തും പവിഴവും മുങ്ങിയെടുത്ത ആയിരക്കണക്കിന് പണ്ഡിതവരേണ്യന്മാരും ഇസ്‌ലാമിക വൈജ്ഞാനിക സാമ്രാജ്യത്തിലെ മിന്നിത്തിളങ്ങുന്ന താരകങ്ങളായി പ്രശോഭിക്കുന്നു.

സുഊദി അറേബ്യയിലെ ഉന്നതകാര്യസമിതിയിലെ പണ്ഡിത പ്രമുഖനായ ശൈഖ് സ്വാലിഹ് ഫൗസാൻ, ദഹ്‌ലാന്റെ പിഴച്ചവാദങ്ങളെപ്പറ്റി എഴുതുന്നു: 'മക്കയിലെ ചില പണ്ഡിത ശ്രേഷ്ഠന്മാർ ദഹ്‌ലാന്റെ രചനകൾ ചത്തശവത്തിന് സമാനമാണെന്ന് വിശേഷിപ്പിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇന്ത്യ, ഇറാഖ്, നജ്ദ് തുടങ്ങിയ നാടുകളിലെ പ്രമുഖ പണ്ഡിതന്മാർ ദഹ്‌ലാന്റെ ദുർബലവാദങ്ങളെ പൊളിച്ചെഴുതി. സ്വന്തം വിശ്വാസം അന്തരാളങ്ങളിൽ മറച്ചുവെച്ച റാഫിദി ശീഈ ആയിരുന്നു ദഹ്‌ലാനെന്ന്, വിജ്ഞാനികളും സൂക്ഷ്മശാലികളായ മക്കയിലെ പണ്ഡിതന്മാർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.'

മദ്ഹബിനെ പിൻപറ്റുന്ന വ്യക്തിയായി പ്രത്യക്ഷത്തിൽ ചമഞ്ഞുകൊണ്ട് തന്റെ റാഫിദി ലക്ഷ്യസാക്ഷാത്ക്കാരത്തിനായി ദഹ്‌ലാൻ പ്രവർത്തിക്കുകയായിരുന്നു. ഇയാളുടെ റാഫിദി മനസ്സിന് ഏറ്റവും വലിയ തെളിവ്, ഇയാൾ അബൂത്വാലിബിനെ മുസ്‌ലി

> **ദഹ്‌ലാൻ പടച്ചുവിട്ട 'റദ്ദുൽവഹാബിയ്യ' എന്ന ക്ഷുദ്രകൃതി ഫാർസി ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി ഇറാനിലെ റാഫിദി ശിയാക്കൾ വഹാബികളോടുള്ള വിരോധം തീർത്തു. പ്രമുഖ ശിയാ നേതാവ് ഇബ്റാഹീം വഹീദ് ദാമിഗാനി ഇതിനെ ഫാർസിയിൽ പരിഭാഷപ്പെടുത്തി പ്രചരിപ്പിച്ചു. ശൈഖിനെ പലസന്ദർഭത്തിലും അവർ അപകടത്തിൽ പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഇറാഖിലും നജ്ഫിലും കർബലയിലും പിന്നെ ഹിജാസിലും മക്ക/മദീനയിലും റാഫിദി ശിയാക്കൾ മുഖ്യ ആശ്രയകേന്ദ്രമാക്കിയിരുന്ന ജാറങ്ങളും ഖുബ്ബകളും മഖാമുകളും ശൈഖ് അവർകളുടെ നിർദേശമനുസരിച്ച് തകർത്ത് തരിപ്പണമാക്കിയതിൽ ഏറ്റവും അസഹനീയതയുണ്ടായിരുന്ന വർഗം ശിയാക്കളും ബറെലവികളുമായിരുന്നു.**

മാക്കാൻ ശ്രമിച്ചുകൊണ്ട് നടത്തിയ ഗ്രന്ഥരചനയാണ്. ക്വുർആനെയും നിരവധി സ്വഹീഹായ ഹദീഥുകളെയും ഈ ആവശ്യത്തിനായി ദഹ്‌ലാൻ തിരസ്കരിച്ചു.[15] ശൈഖ് മുഹമ്മദിനെതിരിൽ ആരോപണം ഉന്നയിക്കുന്ന ദഹ്‌ലാന്റെ കേവലം ഒരു രചന എന്നതിൽ ഉപരിയായി, ഇസ്‌ലാമിന്റെ പുണ്യഗേഹങ്ങളിലേക്ക് അധിനിവേശത്തിന് ശ്രമിക്കുന്ന റാഫിദി ശീഇസത്തിന്റെ ഗൂഢാലോചനയെയാണ് ഇത്തരം ദഹ്‌ലാനീ വികൃതികളുടെ മറവിൽനിന്നും പണ്ഡിതവരേണ്യന്മാർ കണ്ടെത്തിയിട്ടുള്ളത്.

ദഹ്‌ലാൻ പടച്ചുവിട്ട 'റദ്ദുൽവഹാബിയ്യ' എന്ന ക്ഷുദ്രകൃതി ഫാർസി ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിക്കൊണ്ടാണ് ഇറാനിലെ റാഫിദി ശിയാക്കൾ വഹാബികളോടുള്ള വിരോധം തീർത്തത്. പ്രമുഖ ശിയാ നേതാവ് ഇബ്റാഹീം വഹീദ് ദാമിഗാനി(ജനനം: 1352/1935) ഇതിനെ ഫാർസിയിൽ പരിഭാഷപ്പെടുത്തി പ്രചരിപ്പിച്ചു. ശിയാക്കളുമായി വ്യക്തമായ ആദർശവിരോധത്തിൽ കഴിഞ്ഞിരുന്ന ശൈഖ് അവരെ പലസന്ദർഭത്തിലും അവർ അപകടത്തിൽ പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഇറാഖിലും നജ്ഫിലും കർബലയിലും പിന്നെ ഹിജാസിലും മക്ക/മദീനയിലും റാഫിദി ശിയാക്കൾ മുഖ്യ ആശ്രയകേന്ദ്രമാക്കിയിരുന്ന ജാറങ്ങളും ഖുബ്ബകളും മഖാമുകളും ശൈഖ് അവർകളുടെ നിർദേശമനുസരിച്ച് തകർത്ത് തരിപ്പണമാക്കിയതിൽ ഏറ്റവും അസഹനീയതയുണ്ടായിരുന്ന വർഗം ശിയാക്കളും ബറേലവികളുമായിരുന്നു. ശൈഖിന്റെ നടപടിക്രമങ്ങൾ ശിയാ/ബറേലവികളെ സംബന്ധിച്ചിടത്തോളം മനസ്സിനും ശരീരത്തിനുമേറ്റ മായ്ച്ചാൽ മായാത്ത മുറിവായി എന്നും അവശേഷിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

സുന്നി മുസ്‌ലിം സമൂഹത്തോട് വ്യക്തമായ വിരോധത്തിലും കോപത്തിലും കഴിഞ്ഞുവരുന്ന ശിയാക്കളെ സംബന്ധിച്ചിടത്തോളം വീണുകിട്ടിയ അത്ഭുതനിധിയാണ് ദഹ്‌ലാന്റെ വഹാബി വിരുദ്ധരചന. സുന്നി സമൂഹത്തിനോടുള്ള വ്യക്തമായ വിരോധവും ഈർഷ്യതയും നിലനിൽക്കുന്നതിന്നിടയിലും ഇത്തരം വാറോലകൾ പരിഭാഷപ്പെടുത്തി പ്രചരിപ്പിക്കാൻ ശിയാക്കൾ നേരം കണ്ടെത്തുന്നതിന്റെ രസതന്ത്രമൊന്നും കൂടുതൽ ചികഞ്ഞ് തലപുണ്ണാക്കുന്നതിൽ അർഥമില്ല.

ലോകാവസാനം വരെ പരിശോധിച്ചാലും ശരി, ഭൂമുഖത്തെ സകല സ്വൂഫി/ബറേലവികൾ ഒന്നായി പരിശ്രമിച്ചാലും ഇബ്നു അബ്ദുൽ വഹാബിന്റെ രചനകളിലോ അദ്ദേഹത്തിന്റെ നടപടിക്രമങ്ങളിലോ എന്തെങ്കിലും ഇസ്‌ലാമിക വിരുദ്ധതയുള്ളതായി ആർക്കും എവിടെയും രേഖാമൂലം തെളിയിക്കാൻ സാധിക്കില്ല. ലോകാവസാനംവരെ അങ്ങനെയൊരു പ്രതീക്ഷയും വേണ്ട. അപവാദ കഥകൾ ഏറ്റുപറയാൻ മാത്രം വിധിക്കപ്പെട്ട ലജ്ജാശൂന്യർക്ക് മാത്രമെ ഇത്തരത്തിലുള്ള കല്ലുവെച്ച നുണകൾ ചുമന്നുനടക്കാൻ സാധിക്കുകയുള്ളൂ. സുൽത്വാൻ ഇബ്നുസുഊദിനും ഹിജാസിലെ ഭരണാധികാരികൾക്കുമെതിരിൽ മാനസികമായ വൈരവും വിദ്വേഷവും പുലർത്തിവരുന്ന ഖാദിയാനികളും ശിയാ, ബറേലവി, സ്വൂഫികളും പിന്നെ അധികാരത്തിന്റെ മന്ത്രങ്ങൾ മാത്രം മനസ്സിൽ താലോലിച്ചു നടക്കുന്ന ഒരുവിഭാഗം രാഷ്ട്രീയ ഇസ്‌ലാമിസ്റ്റുകളും ഈ നുണകൾ എറ്റുപറഞ്ഞുകൊണ്ടിരിക്കുന്നുവെന്നതാണ് വസ്തുത.

കളവുകൾക്ക് എക്കാലവും ഫുൾ മൈലേജ് ലഭിക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. കാലക്രമേണ അതിനും തേയ്മാനം സംഭവിക്കും. വഹാബികൾക്കെതിരിൽ ഒട്ടനവധി കളവുകൾ പ്രചരിപ്പിച്ചിരുന്ന നിരവധി പുരോഹിതന്മാർക്ക് പിൽക്കാലത്ത് സംഭവിച്ച മനഃപരിവർത്തനം ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്. ബറേലവി സമസ്തയിലെ പുരോഹിതന്മാരുടെ മുഖ്യ വഹാബിവിരുദ്ധ റഫറൻസായ 'ഹംഫറുടെഡയറി' പരിഭാഷപ്പെടുത്തി ചൂടപ്പംപോലെ വിറ്റഴിച്ച പുതുപ്പൊന്നാനിക്കാരൻ സ്വാലിഹ് നിസാമിയുടെ ചുവടുമാറ്റവും തൗബയും സത്യാന്വേഷികൾക്ക് ഒരു പ്രചോദനമാകട്ടെയെന്ന് ആശംസിക്കുന്നു. നൽകിക്കൊണ്ടിരിക്കുന്ന എല്ലാ അശ്ലീല ബഹുമതികളും സസന്തോഷം സ്വീകരിക്കുന്നു എന്ന് 2018 ആഗസ്റ്റ് 06ന് സ്വാലിഹ് നിസാമി തന്റെ ഫേസ്ബുക്കിലും[16] ഈ നിലപാട് പരസ്യപ്പെടുത്തുകയുണ്ടായി.

സ്വന്തം സൽക്കർമങ്ങളെ അപവാദ പ്രചാരണങ്ങൾ കാരണം പാഴാക്കിക്കളയുന്ന പരലോകത്തിലെ നടപടി ക്രമങ്ങളിൽനിന്നും അല്ലാഹു എല്ലാവരെയും രക്ഷപ്പെടുത്തട്ടെയെന്ന് പ്രാർഥിക്കുകയാണ്.

**റഫറൻസ്:**

14. അഷ്‌വാക്കുൻ ഹനീൻ ഇലാ മദീനത്തിറസൂൽ അൽഅമീൻ എന്ന അറബി ഗ്രന്ഥത്തിൽ ഇബ്നു അബ്ദുൽ വഹാബിനെ പ്രതിപാദിക്കുന്ന ചില ചർച്ചകൾ കാണാനാകും.

15. ശൈഖ് ഫൗസാന്റെ സമ്പൂർണ രചനകൾ

16. https://www.facebook.com/SalihPuthuponnani/posts/1070465813111574

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി




# പരിവർത്തനം തേടുന്ന ലോക സാമ്പത്തികക്രമം

**കോവിഡ് കാലാനന്തരം ലോകം ശക്തമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുമെന്നാണ് സാമ്പത്തിക വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നത്. പണക്കാർക്കും കോർപറേറ്റുകൾക്കും മാത്രം നേട്ടം ഉണ്ടാക്കിക്കൊടുക്കുന്ന പരമ്പരാഗത ശീലങ്ങളെയും പലിശയെയും പഴകിയ ഇസങ്ങളെയും അവലംബമാക്കിക്കൊണ്ടുള്ള ധനസമാഹരണ വിനിയോഗ രീതികൾ ഒഴിവാക്കേണ്ടതുണ്ട്. പകരം ദരിദ്രരുടെയും ഇടത്തരക്കാരുടെയും നിലനിൽപ്പിനെ കൂടി പരിഗണിച്ചുകൊണ്ടും ദാനധർമങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടുമുള്ള മാനുഷിക മുഖം സമ്പദ്‌വ്യവസ്ഥക്ക് സമ്മാനിച്ചെങ്കിൽ മാത്രമെ ലോകം സാമ്പത്തികമാന്ദ്യത്തിൽ നിന്നും കരകയറുകയുള്ളൂ.**

കോവിഡിനു ശേഷം ലോകം ശക്തമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുമെന്നാണ് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. സാമ്പത്തിക തകർച്ചയുടെ ആഘാതം ഒരു ദശാബ്ദത്തോളം നീണ്ടുനിൽക്കുമെന്ന് ലോകബാങ്ക് തലവൻ ഡേവിഡ് മാൽപാസ് അഭിപ്രായപ്പെടുന്നു. കോടിക്കണക്കിനു ജനങ്ങളുടെ ഉപജീവനമാർഗം ഇല്ലാതാക്കുകയും ഒരു വലിയ സമൂഹത്തെ ദാരിദ്ര്യത്തിലേക്ക് തള്ളിയിടുകയും ചെയ്യുമെന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. ആഗോളവിപണിയിൽ ഇതിനകം വമ്പിച്ച നഷ്ടം കോവിഡ് വരുത്തിവച്ചിട്ടുണ്ടെന്നും വിതരണ ശൃംഖലകളുടെ കണ്ണികൾ മുറിഞ്ഞിരിക്കുകയാണെന്നും ആഗോളതലത്തിൽ കടുത്ത അസമത്വവും പിരിമുറുക്കവും രൂപപ്പെട്ടുവരികയാ

ണെന്നും മാൽപാസ് സ്ഥിരീകരിച്ചു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം 2020-21 സാമ്പത്തികവർഷത്തിൽ വളർച്ചാനിരക്ക് നെഗറ്റിവ് സോണിൽ എത്തുമെന്നാണ് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് പറയുന്നത്. ഒരു സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ട സാഹചര്യത്തെയാണ് മുൻ ഗവർണർ രഘുറാം ജയറാം ചൂണ്ടിക്കാണിക്കുന്നത്. പ്രതിപക്ഷ പാർട്ടികളുടെയും മുഴുവൻ ജനങ്ങളുടെയും കഴിവും വൈദഗ്ധ്യവും ഏകോപിപ്പിച്ചുകൊണ്ട് ഒരുമിച്ചു മുന്നേറണമെന്നാണ് അദ്ദേഹം കേന്ദ്രസർക്കാരിന് നൽകിയിരിക്കുന്ന ഉപദേശം. ഇന്ത്യയുടെ ജിഡിപി 23.9 ശതമാനം ഇടിഞ്ഞതായി കേന്ദ്ര സ്ഥിതിവിവരക്കണക്ക് ഓഫീസ് (സിഎസ്ഒ) പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.

## മുതലാളിത്തത്തിന്റെ ആധിപത്യം

സമ്പത്തിനെ ഒരു ചൂഷണോപാധിയായി സ്വീകരിച്ചിരിക്കുന്ന ഒരു പൊതുസാഹചര്യമാണ് ലോകത്തുടനീളമുള്ളത്. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന് പറയുന്നതുപോലെ പണമുള്ളവന് മാത്രമെ ലോകത്ത് നിലനിൽക്കാനുള്ള യോഗ്യതയുള്ളൂ എന്ന നിലയിലാണ് നൂറ്റാണ്ടുകളായി നമ്മുടെ സാമ്പത്തിക വ്യവസ്ഥകൾ പെരുമാറിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഏറ്റവും വലിയ പ്രത്യക്ഷോദാഹരണമാണ് അമേരിക്കയിലെ കൊവിഡ് രോഗികൾ അനുഭവിച്ച പ്രശ്നങ്ങൾ. കൊവിഡ് ചികിത്സക്കായി മറ്റു സങ്കീർണതകൾ ഒന്നുമില്ലെങ്കിൽ പോലും ഒരു രോഗി നൽകേണ്ടത് 9763 ഡോളർ (ഏഴു ലക്ഷത്തിലധികം രൂപ) ആണെന്നാണ് കൈസർ ഫാമിലി ഫൗണ്ടേഷനെ ഉദ്ധരിച്ചുകൊണ്ട് ടൈം മാഗസിൻ പുറത്തുവിട്ട കണക്ക്. വെന്റിലേറ്റർ അടക്കമുള്ള ഉപകരണങ്ങൾ ആവശ്യമുള്ള രോഗികളാണെങ്കിൽ ഇതിന്റെ ഇരട്ടിയിലധികം ചെലവുവരും. ഇൻഷൂറൻസ് കമ്പനികളാണ് അമേരിക്കയിലെ ആശുപത്രികളെയും ആശുപത്രി ചെലവുകളെയും ആരോഗ്യമേഖലയെത്തന്നെയും നിയന്ത്രിക്കുന്നത്. ഒരു മുതലാളിത്ത (capitalist) രാജ്യമായ അമേരിക്കയിൽ ആരോഗ്യമേഖല പൂർണമായും സ്വകാര്യ കമ്പനികളുടെ നിയന്ത്രണത്തിലാണ്. ജനങ്ങൾക്ക് സൗജന്യമായി ചികിത്സയും മരുന്നും ലഭിക്കുന്ന സർക്കാർ ആശുപത്രി സംവിധാനങ്ങൾ അവിടെയില്ല. അത്യാഹിത അവസ്ഥകളിൽ എത്തിച്ചേരുന്ന രോഗികൾക്ക് ചില പരിചരണങ്ങൾ ലഭിക്കുന്നതൊഴിച്ചാൽ അവിടെ ഒരു പൊതുജനാരോഗ്യ സംവിധാനം (Public Health System) നിലവിലില്ല. ലോകത്തെ വൻകിട രാജ്യങ്ങളിൽ മിക്കതിലും ഇതുപോലെയുള്ള ആരോഗ്യ സംവിധാനങ്ങൾ തന്നെയാണ് നിലനിൽക്കുന്നത്. ചില രാജ്യങ്ങൾ സോഷ്യലിസത്തിന്റെ ഘടകങ്ങളെ ഉപയോഗപ്പെടുത്തി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും മറ്റും സ്ഥാപിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് ആതുരസേവനം നൽകുന്നുണ്ട്.

നവലിബറൽ മുതലാളിത്ത പ്രത്യയശാസ്ത്രങ്ങളുടെ ആധിപത്യമാണ് ലോകത്തെ കീഴടക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ കോവിഡ് പാൻഡെമിക് സമ്മാനിച്ചിട്ടുള്ള ആഗോള സാമ്പത്തിക പ്രതിസന്ധി, സാമ്പത്തിക പ്രതിസന്ധിയെ കുറിച്ച് മാത്രമല്ല, ലോകത്തിന്റെ സാമൂഹിക, രാഷ്ട്രീയ, പാരിസ്ഥിതിക വിഷയങ്ങളിലുള്ള ലോകത്തിന്റെ ഭാവിയെ കുറിച്ച് കൂടി ആശങ്കകൾ പങ്കുവയ്ക്കുന്നുണ്ട്. ആഗോളവൽക്കരണവും അതിന്റെ സ്വാധീനവും ലോകത്തിനു നൽകിയിട്ടുള്ള പ്രശ്നങ്ങൾ വീണ്ടും ചർച്ച ചെയ്യപ്പെടേണ്ടിവരികയാണ്. മുതലാളിമാരുടെ ഔദാര്യത്തിനു കീഴിൽ മാത്രം ജീവിതം തള്ളിനീക്കേണ്ടുന്ന അവസ്ഥയാണ് ലോകത്തെ മഹാഭൂരിപക്ഷം ദരിദ്രരും ഇടത്തരക്കാരുമായ ജനവിഭാഗങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തെ മിക്ക രാജ്യങ്ങളിലും മുതലാളിത്ത രാജ്യങ്ങൾ ചെലുത്തുന്ന ഭരണ സ്വാധീനങ്ങൾ വളരെ വലുതാണ്. കുത്തകകൾ രാജ്യങ്ങളെ വിഴുങ്ങുകയാണ്. ഇന്ത്യ ഇന്ന് പൊതുമേഖല സംരംഭങ്ങൾ സ്വകാര്യ മേഖലയ്ക്ക് തീറെഴുതിക്കൊടുത്തുകൊണ്ടിരിക്കുമ്പോൾ ഇന്ത്യപോലും സമ്പൂർണ മുതലാളിത്ത വ്യവസ്ഥിതിയിലേക്ക് തത്ത്വത്തിലല്ലെങ്കിലും പ്രയോഗത്തിൽ നീങ്ങുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്.

> **“നവലിബറൽ മുതലാളിത്ത പ്രത്യയശാസ്ത്രങ്ങളുടെ ആധിപത്യമാണ് ലോകത്തെ കീഴടക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ കോവിഡ് പാൻഡെമിക് സമ്മാനിച്ചിട്ടുള്ള ആഗോള സാമ്പത്തിക പ്രതിസന്ധി, സാമ്പത്തിക പ്രതിസന്ധിയെ കുറിച്ച് മാത്രമല്ല, ലോകത്തിന്റെ സാമൂഹിക, രാഷ്ട്രീയ, പാരിസ്ഥിതിക വിഷയങ്ങളിലുള്ള ലോകത്തിന്റെ ഭാവിയെ കുറിച്ച് കൂടി ആശങ്കകൾ പങ്കുവയ്ക്കുന്നുണ്ട്. ആഗോളവൽക്കരണവും അതിന്റെ സ്വാധീനവും ലോകത്തിനു നൽകിയിട്ടുള്ള പ്രശ്നങ്ങൾ വീണ്ടും ചർച്ച ചെയ്യപ്പെടേണ്ടിവരികയാണ്.”**

## ഇന്ത്യയും സോഷ്യലിസവും

ഇന്ത്യ ഒരു പരമാധികാര (Sovereign), സ്ഥിതിസമത്വ (Socialist), മതനിരപേക്ഷ (Secular), ജനാധിപത്യ (Democratic), ജനായത്ത (Republic) രാജ്യമാണെന്ന് അതിന്റെ ഭരണഘടനയിൽ എഴുതിവച്ചിട്ടുള്ളതിൽ 'സോഷ്യലിസ്റ്റ്' എന്ന സംജ്ഞ പലപ്പോഴും ഭരണാധികാരികൾ മറന്നുപോവുകയാണ്.

ഇന്ത്യയുടെ സാമ്പത്തിക പ്രത്യയശാസ്ത്രങ്ങൾ രാജ്യത്തിന്റെ സവിശേഷ സാഹചര്യത്തിൽ വാർത്തെടുക്കപ്പെട്ട ഇന്ത്യൻ സോഷ്യലിസത്തിൽ അധിഷ്ഠിതമായിട്ടുള്ളതാണ്. അതിനു കമ്യൂണിസ്റ്റ് സോഷ്യലിസവുമായി യാതൊരു ബന്ധവുമില്ല. കമ്യൂണിസ്റ്റ് സോഷ്യലിസത്തിൽ സകല ഉത്പാദനങ്ങളും വിതരണങ്ങളും ദേശസാത്കൃതമായിരിക്കണമെന്നും സ്വകാര്യസ്വത്ത് തീരെ അനുവദിച്ചുകൂടാ എന്നുമാണ്. എന്നാൽ ഇന്ത്യയിൽ നിലവിലുള്ള ജനാധിപത്യ സ്ഥിതിസമത്വം (Democratic Socialism) എന്ന ഇന്ത്യൻ സോഷ്യലിസം പൊതു സ്വകാര്യ മേഖലകളെ കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു 'സമ്മിശ്ര സമ്പദ്വ്യവസ്ഥ' (Mixed Economy)യാണ് മുന്നോട്ടുവയ്ക്കുന്നത്. ദാരിദ്ര്യം, അജ്ഞത, രോഗം, അവസരങ്ങളുടെ അസമത്വം എന്നിവ അവസാനിപ്പിക്കുകയാണ് ഡെമോക്രാറ്റിക് സോഷ്യലിസം ലക്ഷ്യമിടുന്നത്. 1976ലെ 42ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് ഭരണഘടനയുടെ ആമുഖത്തിൽ സെക്കുലറിനോടൊപ്പം 'സോഷ്യലിസ്റ്റ്' എന്ന പദവും കടന്നുവന്നത്. ഇതിനെതിരെ 2008ൽ സുപ്രീം കോടതിയിൽ വന്ന പരാതിയിൽ അന്നത്തെ ചീഫ് ജസ്റ്റിസ് കെ.ജി ബാലകൃഷ്ണൻ നേതൃത്വം നൽകിയിരുന്ന ഡിവിഷൻ ബെഞ്ച് നൽകിയ വിശദീകരണത്തിൽ ഇന്ത്യൻ സോഷ്യലിസമെന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. അതിങ്ങനെയാണ്: 'കമ്യൂണിസ്റ്റുകൾ നിർവചിച്ച ഇടുങ്ങിയ അർഥത്തിൽ നിങ്ങൾ എന്തിനാണ് സോഷ്യലിസത്തെ നോക്കിക്കാണുന്നത്? വിശാലമായ അർഥത്തിൽ, പൗരന്മാരുടെ ക്ഷേമ നടപടികൾ എന്നാണ് അതിന്റെ അർഥം. അത് ജനാധിപത്യത്തിന്റെ ഒരു വശമാണ്. അതിന് നിർണിതമായ വ്യാഖ്യാനമില്ല. വ്യത്യസ്ത സമയങ്ങളിൽ അതിന് വ്യത്യസ്ത വ്യാഖ്യാനങ്ങൾ ലഭിക്കുന്നു.'


ജനക്ഷേമത്തിലും പരസ്പര സഹകരണത്തിലും അധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥിതി എന്നതാണ് ലോകരാജ്യങ്ങളിൽനിന്നും ഇന്ത്യയെ വ്യത്യസ്തമാക്കുന്നത്. ഭീതിജനകമായ കോവിഡ് പശ്ചാത്തലത്തിൽ പോലും ഇന്ത്യ പിടിച്ചുനിന്നത് ഈ സാമ്പത്തിക വ്യവസ്ഥിതിയിൽ രൂപംകൊണ്ട രാജ്യത്തെ പൊതുജനാരോഗ്യ സംവിധാനം കൊണ്ടാണ്. വളരെ ചെലവുകുറഞ്ഞ ആരോഗ്യ, ചികിത്സാ സംവിധാനങ്ങൾ ഇന്ത്യയിലുണ്ട്. പൊതുജനങ്ങൾക്ക് പ്രാപ്യമായ രൂപത്തിലാണ് ആരോഗ്യകേന്ദ്രങ്ങളെ വിന്യസിച്ചിട്ടുള്ളത്. പട്ടണങ്ങളിൽ മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലും ആദിവാസികളടക്കം താമസിക്കുന്ന വിദൂര പ്രദേശങ്ങളിലുമെല്ലാം ആരോഗ്യകേന്ദ്രങ്ങളുണ്ട് എന്നതാണ് ഇന്ത്യയുടെ സവിശേഷത. സബ്സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ, കമ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക്-ജില്ലാതല ആശുപത്രികൾ, മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ചുള്ള സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയവ എല്ലാ ജനങ്ങൾക്കും ഒരുപോലെ സേവനം ലഭിക്കുന്ന പൊതുജനാരോഗ്യ കേന്ദ്രങ്ങളാണ്.

പൊതുജനങ്ങളുടെ ആരോഗ്യവിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടും അവരെ ബോധവൽക്കരിച്ചുകൊണ്ടും ഹെൽത്ത് വർക്കേഴ്സ് ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ വളരെ വലുതാണ്. ഇങ്ങനെ സാമ്പത്തികമായ ബുദ്ധിമുട്ടിക്കലുകളില്ലാതെ ജനങ്ങൾക്ക് മെഡിക്കൽ സേവനങ്ങൾ എത്തിക്കുന്നതിൽ ഇന്ത്യ വിജയമാണ്. അഴിമതി, ഗുണമേന്മയില്ലായ്മ, ജനത്തിരക്ക് തുടങ്ങിയ പ്രശ്നങ്ങൾ ഇന്ത്യയുടെ പൊതുജനാരോഗ്യമേഖല നേരിടുന്നുണ്ടെങ്കിലും മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് സാധുജനങ്ങൾക്ക് ആശ്രയമായി അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇന്ന് സ്വകാര്യ മേഖലകളെ മാത്രമല്ല പൊതുമേഖലകളെയും കുത്തകകൾ വിഴുങ്ങാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ഇന്ത്യ സോഷ്യലിസത്തിൽ നിന്നും ക്യാപിറ്റലിസത്തിലേക്ക് നീങ്ങുകയാണ് എന്നതിന്റെ സൂചനയാണ്. രാജ്യം സാമ്പത്തികമായി പുരോഗമിക്കുന്നു എന്ന് പെരുമ്പറയടിക്കുമ്പോഴും രാജ്യത്ത് ദരിദ്രനാരായണന്മാർ വർധിക്കുന്നതും കർഷകർ ആത്മഹത്യ ചെയ്യുന്നതും ചെറുകിട വ്യാപാരികൾക്ക് വ്യാപാരം അവസാനിപ്പിക്കേണ്ടി വരുന്നതും സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകളെ അവഗണിക്കുന്നതുകൊണ്ട് സംഭവിക്കുന്നതാണ്. എന്നാൽ നവലിബറൽ ക്യാപിറ്റലിസ്റ്റ് കാഴ്ചപ്പാടുകൾക്കെതിരെ കോവിഡ് ലോകത്തെ താക്കീത് ചെയ്തുകൊണ്ടിരിക്കുമ്പോൾ സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകളിലേക്കുതന്നെ ഇന്ത്യയും ലോകവും തിരിച്ചുവരേണ്ടതുണ്ട് എന്ന പാഠമാണ് അത് നൽകുന്നത്. അത്തരമൊരു തിരിച്ചറിവിലേക്ക് ലോകത്തെ വൻശക്തികൾ പരിവർത്തിക്കപ്പെടുകയാണെങ്കിൽ മാത്രമെ ലോകം കടക്കെണികളിൽനിന്നും നിവർന്നുനിൽക്കൂ.

## പലിശ എന്ന വിനാശം

ക്യാപിറ്റലിസ്റ്റ് രാജ്യങ്ങളിലും സോഷ്യലിസ്റ്റ് രാജ്യങ്ങളിലും കുത്തകകൾ പിടിച്ചുനിൽക്കുന്നത് ഏറ്റവും വലിയ സാമ്പത്തിക ചൂഷണമായ പലിശയിലൂടെയാണ്. പലിശയാണ് ഇന്ന് ലോകം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി. ലോകബാങ്ക് അടക്കമുള്ള സാമ്പത്തിക സ്രോതസ്സുകൾ ഉയർന്ന പലിശ ഈടാക്കിക്കൊണ്ടാണ് അംഗരാജ്യങ്ങൾക്ക് വായ്പകൾ നൽകിവരുന്നത്. ഈ പലിശകൾ ഓരോ രാജ്യവും ഈടാക്കുന്നത് സാധാരണക്കാരനിൽനിന്നാണ്. അതുകൊണ്ടുതന്നെ ലോകം അതിദാരുണമായ സാമ്പത്തിക മരവിപ്പിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന കോവിഡാനന്തര കാലത്ത് പലിശയെക്കുറിച്ചുള്ള വീണ്ടുവിചാരം ആവശ്യമായി വന്നിരിക്കുകയാണ്. ലോക്ക് ഡൗൺ കാലത്ത് കേരളത്തിലടക്കം പല രാജ്യങ്ങളിലും പലിശരഹിത വായ്പകൾ നൽകിയതായി റിപ്പോർട്ടുകൾ വന്നിരുന്നു. ഇങ്ങനെയൊരു നിലപാടിലേക്ക് ബാങ്കുകളും പണമിടപാട് സ്ഥാപനങ്ങളും മാറിച്ചിന്തിച്ചതിനു പിന്നിൽ ജനങ്ങളെ സഹായിക്കുക എന്നതല്ല പ്രധാന കാരണം. മാർക്കറ്റുകൾ സജീവമല്ലെങ്കിൽ ക്രയവിക്രയങ്ങൾ നടക്കില്ല. ക്രയവിക്രയങ്ങൾ നടക്കണമെങ്കിൽ ജനങ്ങളുടെ കൈയിൽ പണമെത്തണം. ജനങ്ങൾക്ക് വായ്പ നൽകി മാർക്കറ്റുകളെ സജീവമാക്കിയെങ്കിൽ മാത്രമെ ബാങ്കുകൾക്കും നേട്ടമുള്ളൂ. പക്ഷേ, പലിശയില്ലാതെ തന്നെ മൂലധനം പാവപ്പെട്ടവർ പിന്നീട് എങ്ങനെയാണു തിരിച്ചടക്കുക? ഒരു പലിശാധിഷ്ഠിത സമൂഹത്തിൽ താത്കാലികമായി നടപ്പാക്കുന്ന പലിശരഹിത ഇടപാടുകളും ഫലത്തിൽ പലിശ സ്ഥാപനങ്ങൾക്ക് നേട്ടമാണ്. മൂലധനത്തിലും എത്രയോ അധികം തിരിച്ചുപിടിക്കാൻ ബാങ്കുകൾക്ക് സാധിക്കുമെന്ന് സാധാരണക്കാർ അറിയാതെ പോവുകയാണ്.

പക്ഷേ, നിലവിലുള്ള കോവിഡ് ലോക്ക് ഡൗൺ ഉയർത്തിവിട്ട ദീർഘകാല പ്രതിസന്ധിയെ തരണം ചെയ്യാൻ പരസ്പര സഹകരണത്തോടെയുള്ള ചൂഷണമുക്ത സാമ്പത്തിക വ്യവസ്ഥിതി വേണമെന്നാണ് അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ധർ നിർദേശിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തിന് സാമ്പത്തിക വളർച്ചയും സുസ്ഥിരതയും ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്ത മഹാന്മാർ മുന്നോട്ടുവച്ച ആശയം പലിശരഹിത വ്യവസ്ഥിതിയാണ്. പലിശയെന്ന വൻകൊള്ളയിൽ നിന്നും ഇന്ത്യൻ സോഷ്യലിസവും മുക്തമല്ല. അമേരിക്കൻ പ്രസിഡണ്ടായിരുന്ന എബ്രഹാം ലിങ്കണും ഫ്രഞ്ച് ചക്രവർത്തിയായിരുന്ന നെപ്പോളിയൻ ബോണോപ്പോർട്ടും അടക്കമുള്ള ഭരണാധികാരികൾ ലോകത്തോട് ഇത് നേരത്തെ വിളിച്ചുപറഞ്ഞിട്ടുണ്ട്. നെപ്പോളിയനോടുണ്ടായിരുന്ന കടുത്ത ശത്രുതക്ക് പിന്നിലും വാട്ടർലൂവിൽ അദ്ദേഹത്തിന് നേരിടേണ്ടിവന്ന പരാജയത്തിനു പിന്നിലും പലിശയ്ക്കെതിരെ അദ്ദേഹമെടുത്ത നിലപാടും പ്രധാന കാരണമായിരുന്നു. അമേരിക്കൻ പ്രസിഡണ്ടായിരുന്ന തോമസ് ജഫേഴ്സണും പലിശക്കെതിരെ നിലപാടെടുത്ത ഭരണാധികാരിയായിരുന്നു. കറൻസി പുറത്തിറക്കാനുള്ള അധികാരം ബാങ്കുകളിൽനിന്നും മാറ്റി അത് ജനങ്ങൾക്ക് നൽകണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അമേരിക്കയുടെ ഏഴാമത്തെ പ്രസിഡണ്ടായിരുന്ന ആൻഡ്ര്യൂ ജാക്സൺ വധശ്രമത്തിന് വിധേയനായത് പലിശരഹിത വ്യവസ്ഥിതിക്ക് വേണ്ടി ശ്രമിച്ചതുകൊണ്ടായിരുന്നു!



പ്ലേറ്റോ, അരിസ്റ്റോട്ടിൽ, മാർക്കസ് കാറ്റോ, മാർക്കസ് സിസറോ, തോമസ് അകിനാസ് തുടങ്ങിയ തത്ത്വചിന്തകരും ഗൗതമബുദ്ധനെ പോലെയുള്ള മത

ദാർശനികരും അവരവരുടെ കാലങ്ങളിൽ നടമാടിയിരുന്ന പലിശ സമ്പ്രദായങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തിയിരുന്നവരാണ്. പലിശയെ അരിസ്റ്റോട്ടിൽ പ്രകൃതിവിരുദ്ധം, അന്യായം എന്നാണു വിളിച്ചിരുന്നത്. പണം വിനിമയത്തിന് വേണ്ടിയല്ലാതെ പണത്തിന്റെ പ്രജനനത്തിനായി ഉപയോഗിച്ചുകൂടാ എന്നായിരുന്നു അദ്ദേഹം സിദ്ധാന്തിച്ചിരുന്നത്. പലിശയിലൂടെ ഒരു വർഗം മറ്റൊരു വർഗത്തിനുമേൽ അധീശത്വം നേടുമെന്നും അങ്ങനെ രാഷ്ട്രം നശിച്ചുപോകുമെന്നുമായിരുന്നു പ്ലേറ്റോ കണ്ടെത്തിയത്.

'തെറ്റായ ഉപജീവനമാർഗം തെറ്റായ ഉപജീവനമാർഗവും ശരിയായ ഉപജീവനമാർഗം ശരിയായ ഉപജീവനമാർഗവുമാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. തെറ്റായ ഉപജീവനമാർഗം എന്താണ്? തെറ്റായ ഉപായങ്ങളോടെ സമ്പാദിക്കുന്നത്, പറഞ്ഞു പറ്റിക്കുന്നത്, ഊഹക്കച്ചവടം, താഴ്ത്തിക്കെട്ടി സമ്പാദിക്കുന്നത്, ലാഭം ലാഭത്തെ പിന്തുടരൽ (പലിശ ഈടാക്കൽ); ഇതെല്ലാമാണ് തെറ്റായ ഉപജീവനമാർഗം.' (Gautama Budha Majjhima Nikaya Mahacattarisaka Sutta Verse 29).

## ബൈബിളും പലിശയും

വേദഗ്രന്ഥം ലഭ്യമായിരുന്ന മൂസാ നബിﷺയുടെ സമൂഹത്തിൽ പലിശക്കെതിരെ പ്രബോധനം നടന്നതായി ബൈബിൾ പഴയനിയമത്തിൽ കാണാം. 'നിന്റെ സഹോദരൻ ദരിദ്രനായിത്തീർന്നു നിന്റെ അടുക്കൽ വെച്ചു ക്ഷയിച്ചുപോയാൽ നീ അവനെ താങ്ങേണം; അന്യനും പരദേശിയും എന്നപോലെ അവൻ നിന്റെ അടുക്കൽ പാർക്കേണം. അവനോടു പലിശയും ലാഭവും വാങ്ങരുത്; നിന്റെ ദൈവത്തെ ഭയപ്പെടേണം; നിന്റെ സഹോദരൻ നിന്റെ അടുക്കൽ പാർക്കേണം. നിന്റെ പണം പലിശക്ക് കൊടുക്കരുത്; നിന്റെ ആഹാരം അവന്നു ലാഭത്തിന്നായി കൊടുക്കയും അരുത്' (ലേവ്യപുസ്തകം 25:35-37). നിയമങ്ങൾ ഇങ്ങനെയൊക്കെ ഉണ്ടായിരുന്നെങ്കിലും ഈസാ നബിﷺയുടെ കാലം വന്നപ്പോഴേക്ക് നിയമങ്ങളിൽ വെള്ളം ചേർത്ത് ആളുകൾ പലിശയിടപാടുകളിൽ മുങ്ങിക്കുളിച്ചിരുന്നു. ന്യായപ്രമാണങ്ങൾ നടത്തിയിരുന്ന പുരോഹിതർ തന്നെ പലിശയുടെ വക്താക്കളായി മാറുകയും ചെയ്തു. ബൈബിൾ പുതിയനിയമത്തിന്റെ വ്യാഖ്യാനത്തിലൂടെ പലിശയുടെ വിഷയത്തിൽ ആശയക്കുഴപ്പം അവർ സൃഷ്ടിക്കുകയും ചെയ്തു. മത്തായിയുടെ സുവിശേഷത്തിൽ വന്നിട്ടുള്ള ഒരു കഥയാണ് വ്യാഖ്യാനതന്ത്രം. കഥ ഇങ്ങനെയാണ്: 'ഒരു ധനികൻ ഒരു ദീർഘയാത്രക്കൊരുങ്ങുമ്പോൾ തന്റെ ഭൃത്യന്മാരെ വിളിച്ചുചേർത്ത് ഓരോരുത്തരെയും പണം ഏൽപിക്കുന്നു. അദ്ദേഹം തിരിച്ചുവരുമ്പോൾ പണം നിക്ഷേപിച്ച് ഇരട്ടിപ്പിച്ചവരെ പ്രശംസിക്കുന്നു. അങ്ങനെ ചെയ്യാത്ത ഭൃത്യനെ മർദിക്കുകയും ചെയ്യുന്നു.' ഈ കഥയുടെ അടിസ്ഥാനത്തിൽ പലിശക്ക് പണം കൊടുക്കുകയാണ് വേണ്ടതെന്നും അങ്ങനെ ചെയ്യാതിരിക്കുന്നതാണ് കുറ്റകരമെന്നും പുരോഹിതന്മാർ വ്യാഖ്യാനിച്ചു. എന്നാൽ ഇതേ കഥയെ ക്രിസ്തീയ സമൂഹത്തിലെ പലിശയെ വിമർശിക്കുന്ന പണ്ഡിതന്മാർ വിവരിച്ചത് മറ്റൊരു തരത്തിലാണ്. യേശു പലിശയെ പ്രോത്സാഹിപ്പിക്കാൻ സാധ്യതയില്ലെന്നും ധനികൻ ഒരു സ്വേച്ഛാധിപതിയാണെന്നും അയാൾ ദൈവത്തെ പ്രതിനിധീകരിക്കുന്നില്ലെന്നും ദരിദ്രരുടെ ചെലവിൽ സമ്പത്ത് സമ്പാദിക്കുന്ന വ്യക്തിയായിരുന്നു അയാളെന്നുമാണ് അവർ പറയുന്നത്. ഇതിൽനിന്നെല്ലാം, പൗരാണികസമൂഹങ്ങളിൽ പലിശ അംഗീകരിക്കപ്പെട്ടിരുന്നില്ലെന്നും എന്നാൽ പിന്നീട് അഴിമതിക്കാരായ ഭരണാധികാരികളും മതപുരോഹിതന്മാരുമാണ് പലിശയെ സാമ്പത്തിക പ്രശ്നങ്ങൾക്കുള്ള പ്രതിവിധിയായി നിശ്ചയിച്ചതെന്നും മനസ്സിലാക്കാവുന്നതാണ്.

## ഇസ്‌ലാമിന്റെ സാമ്പത്തികവീക്ഷണം

ഇസ്‌ലാം വളരെ വ്യക്തമായി പലിശക്കെതിരെ നിലയുറപ്പിക്കുകയും പലിശയെ വൻപാപങ്ങളിൽ ഒന്നായി പഠിപ്പിക്കുകയും ചെയ്ത മതമാണ്. ലോകത്ത് പലിശക്കെതിരെ വളരെ പ്രത്യക്ഷമായി പ്രബോധനം ചെയ്യുന്ന ഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. ക്വുർആൻ പറയുന്നു: 'പലിശ തിന്നുന്നവർ പിശാച് ബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെയാണ് എന്ന് അവർ പറഞ്ഞതിന്റെ ഫലമത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിന്റെഉപദേശം വന്നുകിട്ടിയിട്ട് അതനുസരിച്ച് വല്ലവനും പലിശയിൽനിന്ന് വിരമിച്ചാൽ അവൻ മുമ്പ് വാങ്ങിയത് അവന്നുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹുവിന്റെ തീരുമാനത്തിന്ന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും പലിശയിടപാടുകളിലേക്ക് തന്നെ മടങ്ങുകയാണെങ്കിൽ അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമങ്ങളെ പോഷിപ്പിക്കുകയും ചെയ്യും.

യാതൊരു നന്ദികെട്ട ദുർവൃത്തനെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല' (2:275,276).

'സത്യവിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം' (3:130).

മൂസാനബി ﷺക്ക് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥത്തിലൂടെ പലിശയുടെ തിന്മയെ സംബന്ധിച്ചും വിപത്തിനെ സംബന്ധിച്ചും മനസ്സിലാക്കിയ യഹൂദവിഭാഗം പിന്നീട് യഥാർഥ മാർഗത്തിൽനിന്ന് തെറ്റിപ്പോയി പലിശയുടെ വക്താക്കളായി മാറിയതിനെക്കുറിച്ച് ക്വുർആൻ വിവരിക്കുന്നുണ്ട്: 'അങ്ങനെ യഹൂദമതം സ്വീകരിച്ചവരുടെ അക്രമം കാരണമായി അവർക്ക് അനുവദിക്കപ്പെട്ടിരുന്ന പല നല്ല വസ്തുക്കളും നാമവർക്ക് നിഷിദ്ധമാക്കി. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് അവർ ജനങ്ങളെ ധാരാളമായി തടഞ്ഞതുകൊണ്ടും പലിശ അവർക്ക് നിരോധിക്കപ്പെട്ടതായിട്ടും അവരത് വാങ്ങിയതുകൊണ്ടും ജനങ്ങളുടെ സ്വത്തുകൾ അവർ അന്യായമായി തിന്നതുകൊണ്ടും കൂടിയാണ് അത് നിഷിദ്ധമാക്കപ്പെട്ടത്. അവരിൽനിന്നുള്ള സത്യനിഷേധികൾക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവച്ചിട്ടുണ്ട്' (4:160,161).

പ്രപഞ്ചത്തെയും മനുഷ്യനെയും സംവിധാനിച്ച സ്രഷ്ടാവിന്റെ ശാസനയാണ് പലിശ നിരോധിക്കണമെന്നത്. ലോകത്ത് കഴിഞ്ഞുപോയ ബുദ്ധിശാലികളും സാമ്പത്തികശാസ്ത്രജ്ഞരും ഇക്കാര്യം ലോകത്തോട് വിളിച്ചുപറഞ്ഞിട്ടുണ്ട്. മനുഷ്യൻ ഓരോദിവസം പിന്നിടുമ്പോഴും പരീക്ഷണങ്ങളും ദുരന്തങ്ങളും തകർച്ചകളും ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തികമായി ലോകത്തിന് ഇനി ഉയർന്നെഴുന്നേൽക്കണമെങ്കിൽ പലിശമുക്തമായ നവസാമ്പത്തികക്രമം അനിവാര്യമാണ്. പലിശരഹിത ബാങ്കുകൾ, ഇസ്‌ലാമിക ബാങ്കിംഗ് സിസ്റ്റം തുടങ്ങിയ ആവശ്യങ്ങൾ വിവിധ രാജ്യങ്ങൾ ഉന്നയിച്ചുതുടങ്ങിയിട്ടുണ്ട്. ഇന്ത്യയിൽ ഒരു ഇസ്‌ലാമിക ബാങ്കിംഗ് സംവിധാനം വേണമെന്ന് ഉറക്കെപ്പറഞ്ഞത് മറ്റാരുമായിരുന്നില്ല; ലോക സാമ്പത്തിക ശാസ്ത്രജ്ഞരിൽ പ്രമുഖനും മുൻ പ്രധാനമന്ത്രിയുമായിരുന്ന ഡോ. മൻമോഹൻസിംഗ് ആയിരുന്നു. കേരളത്തിലും അത്തരത്തിലുള്ള ഒരു സംവിധാനം കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടന്നിരുന്നെങ്കിലും രാഷ്ട്രീയവിവാദങ്ങൾ കാരണം അത് നടപ്പാകാതെ പോവുകയായിരുന്നു.

ലോകബാങ്കും ലോകത്തെ സാമ്പത്തിക വിദഗ്ധരും നൽകിയിട്ടുള്ള മുന്നറിയിപ്പുകളെ പരമ്പരാഗതമായി ശീലിച്ച 'ഓട്ടയടക്കൽ' വിദ്യ കൊണ്ടാണ് ഇനിയും നേരിടാൻ പോകുന്നതെങ്കിൽ ലോകം ഒരു വലിയ സാമ്പത്തിക യുദ്ധത്തെയായിരിക്കും ഒട്ടും വിദൂരമല്ലാത്ത ഭാവിയിൽ അഭിമുഖീകരിക്കാൻ പോകുന്നത്. സാമ്പത്തികമാന്ദ്യങ്ങളുടെ യഥാർഥ കാരണം ലോകത്തെ അടക്കിവാഴുന്ന ശക്തികൾക്കറിയാം. പക്ഷേ, അതിന്റെ ശരിയായ ചികിത്സ പലിശമുക്ത സാമ്പത്തിക വ്യവസ്ഥിതിയെ നിർമിക്കലാണ് എന്നതുകൊണ്ടുതന്നെ തങ്ങളുടെ സാമ്പത്തിക അഭീഷ്ടങ്ങൾക്ക് അത് വിഘാതമാകുമെന്ന കാരണത്താൽ അങ്ങനെയൊരു വ്യവസ്ഥിതി വരുന്നതിനെ അട്ടിമറിക്കാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ, ഇനിയും അത് തുടർന്നാൽ ജീവിക്കുന്ന സമൂഹത്തോടും ജനിക്കാനിരിക്കുന്ന തലമുറകളോടും ചെയ്യുന്ന കടുത്ത അപരാധമായിരിക്കുമെന്നതിൽ സംശയമില്ല. 'ഇസ'ങ്ങളിൽ കടിച്ചുതൂങ്ങി പുകമറ സൃഷ്ടിച്ചതുകൊണ്ടായില്ല; വൻകടങ്ങൾ സൃഷ്ടിച്ചും മനുഷ്യരുടെമേൽ സാമ്പത്തികഭാരം അടിച്ചേൽപിച്ചും സാമ്പത്തിക നിശ്ചലാവസ്ഥ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ലോകരാഷ്ട്രങ്ങളുടെ നിലപാട് അവസാനിപ്പിക്കുകയാണ് വേണ്ടത്. സാധാരണക്കാരിൽ പണം എത്തിയാൽ മാത്രമെ സാമ്പത്തിക പ്രതിസന്ധി അവസാനിപ്പിക്കാൻ സാധിക്കൂ.

'ധനം നിങ്ങളിൽനിന്നുള്ള ധനികർ മാർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന ഒരു വസ്തുവാകാൻ പാടില്ല' എന്ന ക്വുർആനിന്റെ ആഹ്വാനം മനുഷ്യർ ഉൾക്കൊള്ളേണ്ടതുണ്ട്. 'ചാരിറ്റി ഇക്കോണോമിക് സ്' പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. പലിശക്ക് പകരം ദാനധർമങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള ചാരിറ്റികളിലൂടെ സാമ്പത്തികാഭിവൃദ്ധി നേടാമെന്ന ക്വുർആനിക കാഴ്ചപ്പാട് ആധുനിക സാമ്പത്തിക ശാസ്ത്രജ്ഞർ അംഗീകരിച്ചിട്ടുണ്ട്. 'അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമങ്ങളെ പോഷിപ്പിക്കുകയും ചെയ്യും' എന്ന ക്വുർആനിക വചനത്തിൽ നിന്നുതന്നെ പലിശ അടക്കിവാഴുന്ന സാമ്പത്തിക ചൂഷണത്തിന്റെ പരിഹാരം ദാനധർമങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണെന്ന് മനസ്സിലാക്കാം. ലൗകിക വസ്തുക്കളോടും പണത്തോടുമുള്ള ആസക്തി അവസാനിപ്പിച്ച് വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ലോക സാമ്പത്തിക ക്രമത്തിന് പരിവർത്തനത്തിന്റെ വാതായനങ്ങൾ തുറന്നുകൊടുത്താൽ പ്രതിസന്ധിക്ക് യഥാർഥ പരിഹാരം കണ്ടെത്താൻ കഴിയും.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- ശനിയാഴ്ച രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- വരിക്കാരെ പരിഗണിച്ച് ഇനി മുതൽ ഓരോ ലക്കവും മത്സരത്തിനായി രണ്ടാഴ്ച ഓൺലൈനിൽ ലഭ്യമാവും.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 190

**ഒന്നാം സമ്മാനം:**
Mubashira KC, West Kodur, Kodur PO, Malappuram

**രണ്ടാം സമ്മാനം:**
Ibrahim Khaleel, Sunticoppa, Kodagu, Karnataka

**മൂന്നാം സമ്മാനം:**
Safeer Mohammed K, Nghaghattiri, Pattambi

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ
ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz



zameel

## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 193 - ചോദ്യങ്ങൾ

1) ആൺപൂവിൽനിന്നുള്ള പൂമ്പൊടി പെൺപൂവിലേക്ക് എത്തിക്കുന്ന കാറ്റുകൾ 'പരാഗണം' നടത്തി അതുമുഖേന കായ്കനികൾ ഉണ്ടാകുന്നതു പോലെ മേഘങ്ങളിൽ cloud സീഡുകൾ വിതറിക്കൊണ്ട് കാറ്റുകൾ മഴ ഉൽപാദിപ്പിക്കുന്നു എന്ന ആശയമുള്ള ക്വുർആൻ സൂക്തം?
   (1) 15:22 (2) 22:15 (3) 52:21

2) മേഘങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രത്തിന്റെ പേര്?
   (1) നെഫ്രോളജി (2) ജിയോളജി (3) നെഫോളജി

3) 'മക്കയിലെ ചില പണ്ഡിത ശ്രേഷ്ഠന്മാർ ദഹ്‌ലാന്റെ രചനകൾ ശവത്തിന് സമാനമാണെന്ന് വിശേഷിപ്പിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇന്ത്യ, ഇറാഖ്, നജ്ദ് തുടങ്ങിയ നാടുകളിലെ പ്രമുഖ പണ്ഡിതന്മാർ ദഹ്‌ലാന്റെ ദുർബലവാദങ്ങളെ പൊളിച്ചെഴുതി...' സൈനീ ദഹ്‌ലാന്റെ പിഴച്ചവാദങ്ങളെക്കുറിച്ച് ഇങ്ങനെ പറഞ്ഞ പണ്ഡിതൻ ആര്?
   (1) ശൈഖ് ഇബ്നുബാസ് (2) ശൈഖ് സ്വാലിഹ് ഫൗസാൻ (3) ഇബ്നുൽ ക്വയ്യിം

4) ............ലെ 42ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് ഭരണഘടനയുടെ ആമുഖത്തിൽ സെക്കുലറിനോടൊപ്പം 'സോഷ്യലിസ്റ്റ്' എന്ന പദവും കടന്നുവന്നത്.
   (1) 1976 (2) 1967 (3) 1948

5) പലിശയിലൂടെ ഒരു വർഗം മറ്റൊരു വർഗത്തിനുമേൽ അധീശത്വം നേടുമെന്നും അങ്ങനെ രാഷ്ട്രം നശിച്ചുപോകുമെന്നും നിരീക്ഷിച്ച തത്ത്വചിന്തകൻ?
   (1) അരിസ്റ്റോട്ടിൽ (2) സോക്രട്ടീസ് (3) പ്ലേറ്റോ

6) 'സത്യവിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം.'
   (1) ക്വുർആൻ 3:130 (2) ക്വുർആൻ 30:31 (3) ക്വുർആൻ 33:31

7) ഇന്ത്യയിൽ ഒരു ഇസ്‌ലാമിക ബാങ്കിംഗ് സംവിധാനം വേണമെന്ന് പറഞ്ഞ മുൻ പ്രധാനമന്ത്രി?
   (1) ജവഹർലാൽ നെഹറു (2) ഡോ. മൻമോഹൻസിംഗ് (3) വി.പി സിംഗ്

8) 'പള്ളിയിൽ പത്തുവർഷം ധ്യാനിച്ചിരിക്കുന്നതിനെക്കാൾ പുണ്യം മനുഷ്യന്റെ പ്രശ്നങ്ങൾ പരിഹരിക്കാനിറങ്ങിത്തിരിക്കുന്നതാണെന്ന്, ഈയടുത്തകാലത്ത് നമ്മോട് വിടപറഞ്ഞ റസൂൽ(സ) പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്' ഇത് ആരുടെ വാക്കാണ്?
   (1) ഇബ്നു അബ്ബാസ്(റ) (2) ഇബ്നു മസ്ഊദ്(റ) (3) ഇബ്നു ഉമർ(റ)

9) "നാം അവരുടെമേൽ ഒരുതരം മഴ വർഷിപ്പിക്കുകയും ചെയ്തു. അപ്പോൾ ആ കുറ്റവാളികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക" (ക്വുർആൻ 7:84). എന്തു കുറ്റം ചെയ്തവരാണ് ഈ ശിക്ഷക്ക് വിധേയരായവർ?
   (1) മദ്യപാനം (2) ശിർക്ക് (3) സ്വവർഗലൈംഗികത

10) ക്വാറന്റൈൻ, സാമൂഹിക അകലം തുടങ്ങിയ രോഗപ്രതിരോധ മാർഗങ്ങൾ 1400 വർഷങ്ങൾക്കു മുമ്പ് മുഹമ്മദ് നബി(സ്വ) പഠിപ്പിച്ചതാണ്. ഇക്കാര്യം ഈയൊരു മഹാമാരിയുടെ ആരംഭ ഘട്ടത്തിൽതന്നെ ചർച്ചയിലേക്ക് കൊണ്ടുവന്ന അമേരിക്കയിലെ മാധ്യമപ്രവർത്തകൻ?
   (1) തോമസ് മൂർ (2) ഡോ. ക്രൈഗ് കോൺസിഡിൻ (3) മെഹ്ദി ഹസൻ

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

ലേഖനം

സി.ടി. അഹ്മദ് കബീർ ഒതായി
mail@nerpatham.com

# മുസ്‌ലിംകളും കൊറോണവ്യാപനത്തിന്റെ ശരിദൂരങ്ങളും



അടിയന്തിര സന്ദർഭങ്ങളിൽ പോലും ആരാധനകൾക്ക് അവധിയില്ല. ഭക്തിസാന്ദ്രമായി നിത്യജീവിതം നയിക്കുന്ന മുസ്‌ലിം, വ്യക്തിപരവും സാമൂഹികവും കാലികവുമായ സാഹചര്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തന്റെ വിശ്വാസ കർമാദി കാര്യങ്ങളിൽ വ്യാപൃതനായിരിക്കും. ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്ന മതജീവിതത്തെ കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ അവനെ അതിനു കെൽപുറ്റവനാക്കും.

മുസ്‌ലിം അനിവാര്യമായും അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വിഷയങ്ങളിലുള്ള വിവരക്കേടുകളാണ് ഇസ്‌ലാമിക സമൂഹത്തിലെ മഹാഭൂരിപക്ഷത്തിന്റെയും ആകെയുള്ള കയ്യിലിരിപ്പ്. കാര്യഗ്രഹണത്തിനായി ഇസ്‌ലാമിക പ്രമാണങ്ങളെയോ അവയെ നേരിട്ടറിഞ്ഞവരെയോ ആശ്രയിക്കണമെന്ന് അവരെയാരും പഠിപ്പിച്ചിട്ടില്ല. അപക്വബാല്യത്തിന്റെ

നിർബന്ധിത സാഹചര്യങ്ങളിൽ മാതാപിതാക്കളാലും പുരോഹിതന്മാരാലും അടിച്ചേൽപിക്കപ്പെട്ട മദ്റസാപാഠങ്ങളിൽനിന്നോ അപരിഷ്‌കൃതമായ പഠനരീതികളെ പിൻതുടരുന്ന പ്രാകൃത സമ്പ്രദായങ്ങളിൽനിന്നോ നേടിയെടുത്ത, ഭാഗികമായി ഓർത്തെടുക്കാവുന്ന ഏതാനും വികലശകലങ്ങൾ മാത്രമാണ് അവരുടെയെല്ലാം മതവിവരം!

മുസ്‌ലിം സമൂഹത്തിന്റെ സകല തലങ്ങളിലുള്ളവരെയും അവശ്യം വേണ്ട അറിവുപകർന്നുകൊണ്ട് സംസ്‌കരിക്കാനുതകുന്ന വെള്ളിയാഴ്ച ഖുത്വുബയെ പ്രാദേശിക ഭാഷകളുടെ പടിക്ക് പുറത്തുനിർത്തുകയും പകരം അറബിയിലുള്ള ഖുത്വുബകൾക്ക് ശാഠ്യം പിടിക്കുകയും ചെയ്തുകൊണ്ട് അവർക്കുമേൽ പൗരോഹിത്യം പിടിമുറുക്കുകയുമാണുണ്ടായത്; ഈ പ്രക്രിയ അഭംഗുരം തുടർന്നുകൊണ്ടിരിക്കുന്നു. ഇതിനുമപ്പുറം മതപ്രമാണങ്ങൾക്ക് അപരിചിതമായ അസംഖ്യം കാര്യങ്ങൾ വിശ്വാസ, കർമ മേഖലകളിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

കൊറോണക്കാലത്തെ കലുഷമായ കാലാവസ്ഥക്ക് കടുപ്പംകൊടുത്ത സാമൂഹ്യചർച്ചകൾ പലതുമുണ്ടായിട്ടുണ്ട്. കൂട്ടത്തിൽ വലിയ വാഗ്വാദങ്ങൾക്ക് വഴിവെട്ടിയ വിഷയമായിരുന്നു ഡൽഹിയിലെ നിസാമുദ്ദീനിൽ നടന്ന തബ്‌ലീഗ് സമ്മേളനം. അമീറുമാരുടെ നിർദേശങ്ങളുണ്ടായി എന്നതിലപ്പുറം പ്രാദേശികമോ ദേശീയമോ ആയ സാഹചര്യങ്ങളെക്കൂടി അവിടെ പരിഗണിക്കേണ്ടതായിരുന്നു. മുൻ നിശ്ചിതമെങ്കിൽപോലും സന്ദർഭവശാൽ അനാവശ്യവും അനവസരത്തിലുള്ളതുമായിട്ടുണ്ടെങ്കിൽ ഇത്തരം സമ്മേളനാഹ്വാനങ്ങളെ അനിവാര്യമായും അവഗണിക്കുകയും ഉത്തരവാദപ്പെട്ടവർ പിൻവലിക്കുകയും വേണമായിരുന്നു. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽനിന്നും ആഴ്ചകൾക്കു മുമ്പുതന്നെ ഇന്ത്യയിലെത്തി വിവിധ സംസ്ഥാനങ്ങളിലൂടെ സംഘങ്ങളായി സഞ്ചരിക്കുകയും പള്ളികളിലും ലോഡ്ജുകളിലുമെല്ലാം താമസിക്കുകയും ചെയ്തത് രോഗവ്യാപന സാധ്യത വർധിക്കാൻ കാരണമായി മാറി. അത് അധികൃതരുടെ ആശങ്കകൾക്കും അധിക്ഷേപങ്ങൾക്കും അനൽപമായ അവസരങ്ങളുണ്ടാക്കി.

സമാന സംഭവങ്ങൾ പലതുമുണ്ടായിട്ടുണ്ട്. ലോക്ക്ഡൗൺ ലംഘിച്ചു ജുമുഅ നടത്തിയതിനാൽ ഇമാമും സഹായിയും അറസ്റ്റിലായത് നമ്മുടെ നാട്ടിലാണ്. സംഘടിത പ്രാർഥനകൾക്കായി സമ്മേളനമൊരുക്കിയതിനും പള്ളിയിൽ ഒത്തുകൂടി കൂട്ടുപ്രാർഥന സംഘടിപ്പിച്ചതിനുമെല്ലാം കേസ് രജിസ്റ്റർ ചെയ്യപ്പെട്ടതും മുസ്‌ലിം സമുദായത്തിന്റെ കോവിഡ്കാല പാതകങ്ങളായി രേഖപ്പെടുത്തപ്പെട്ടു. ഈ കാലയളവിൽ നടന്ന ചില രാഷ്ട്രീയ യോഗങ്ങളെയോ ഇതരമതവിശ്വാസികളുടെ ഒത്തുകൂടലുകളെയോ ഓർക്കാതിരിക്കുന്നത് ശരിയല്ല.

സമാന സാഹചര്യങ്ങളിലായി ഉത്തർപ്രദേശിലും മധ്യപ്രദേശിലും കേരളത്തിൽതന്നെയും സംഘടിപ്പിക്കപ്പെട്ട മതപരവും രാഷ്ട്രീയപരവുമായ പരിപാടികളും പ്രമുഖരുടെ പഞ്ചനക്ഷത്രകല്യാണങ്ങളും നമ്മളെ ചകിതരാക്കുകയും ആരോഗ്യപ്രവർത്തകർക്കും നിയമവകുപ്പിനും തലവേദന വരുത്തുകയും ചെയ്തതും ഇതോടൊപ്പം ഓർത്തെടുക്കാനും മനോവിശാലത കാണിക്കേണ്ടതുണ്ട്. മാധ്യമക്കാരുടെ ക്യാമറക്കണ്ണുകൾ പതിയെ അടയുന്ന അവസരങ്ങളിൽ ചിലതായി നമുക്കിതിനെ മനസ്സിലാക്കാം.

വാർത്താ ചാനലുകളിൽ ചിലതും പത്രക്കുറിപ്പുകളിൽ പലതും ആഖ്യാനങ്ങളിലെ അമിതത്വവും അതിശയോക്തിയും പക്ഷപാതപരമായ വീക്ഷണങ്ങളുമാണ് അവതരിപ്പിക്കുന്നത്. മതന്യൂനപക്ഷങ്ങളിലെ ഒരു വിഭാഗത്തെ മാത്രം ഹൈലൈറ്റ് ചെയ്യാനാണ് അവരുടെ ശ്രമമെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാമാന്യബുദ്ധിതന്നെ ധാരാളം.

ഇസ്‌ലാമിന്റെ വളപ്പിനു പുറത്തുള്ള 'ശിയാ'ക്കളുടെയും അവാന്തര വിഭാഗമായി അറിയപ്പെടുന്ന 'ബോറി'കളു

**"തീരുമാനിച്ചുറച്ച കാര്യങ്ങളിൽ പിന്നോട്ടില്ലാത്ത നിലപാടുകൾ പ്രശംസനീയമാണ്. എന്നാൽ അതിനെ ഇസ്‌ലാമികമായി ശരിവയ്ക്കാനുതകുന്ന സാഹചര്യങ്ങളെക്കൂടി പരിഗണിക്കേണ്ടതുണ്ട്. മാരകമെന്ന് മനസ്സിലാക്കപ്പെട്ട ഒരു മഹാമാരിയുടെ വ്യാപനം സ്ഥിരീകരിക്കപ്പെടുകയും ലോകത്തുടനീളം അതിന്റെ അനുരണനങ്ങളും അനുബന്ധമായ സുരക്ഷാ ക്രമീകരണങ്ങളും കൈക്കൊള്ളുകയും ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ സമൂഹ നന്മയ്ക്കായി വിശുദ്ധ ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്ന സുപ്രധാന സുരക്ഷാ നിർദേശങ്ങളെ മനസ്സിലാക്കി മാനിക്കുമ്പോൾ പ്രസ്തുത നിലപാടുകളിൽ മാറ്റം അനിവാര്യമായും ഉണ്ടാകേണ്ടതായിരുന്നു."**

ടെയുമെല്ലാം മതകീയ വൈകൃതങ്ങളും ജൽപനങ്ങളുമെല്ലാം മുസ്‌ലിംകളുടെ മേലിൽ ആരോപിക്കുന്ന ദുഃസ്ഥിതി പോലും ഇതിനിടയിലൂടെ നടന്നുകൊണ്ടിരിക്കുന്നു. തലപ്പാവിലും വേഷഭൂഷാദികളിലും മാത്രമാണ് ഇവർക്ക് സുന്നികളുമായി ഭാഗിക സാമ്യതയുള്ളത്. സുന്നികളിൽ നിന്നുള്ള ശരിയകലത്തിന്റെ പരിധിക്കു പുറത്താണ് ശിയാക്കൾ നിലയുറപ്പിച്ചിട്ടുള്ളത്. 'കൊറോണ ദൈവിക ശിക്ഷയാണെന്ന് പറഞ്ഞ മതപണ്ഡിതന് കൊറോണ'യെന്നത് ഒരു പത്രവാർത്തയായിരുന്നു. യഥാർഥത്തിൽ ഇറാനിലെ ഒരു ശിയാ പണ്ഡിതനാണ് ഈ പ്രസ്താവനയിലെ കഥാപാത്രം! ഭക്ഷണാനന്തരം കഴുകിവൃത്തിയാക്കാൻ കൂട്ടിയിട്ടിരിക്കുന്ന പാത്രങ്ങളിലും സ്പൂണുകളുമുള്ള എച്ചിൽ 'മതാചാര'മെന്നോണം നക്കിത്തുടക്കുന്ന 'ബോറി'കളുടെ വൃത്തികെട്ട വാട്സാപ്പ് വീഡിയോ പോലുളളവയും മുസ്‌ലിംകളുടെ പൊതുപ്ലാറ്റ്ഫോമിലേക്ക് ചേർത്തുപ്രചരിപ്പിക്കുക പോലുമുണ്ടായി.

മുസ്‌ലിം സമുദായത്തിലെ അവിവേകികളും അപക്വമതികളായ പണ്ഡിതവേഷധാരികളും വിവരമില്ലാതെ വരുത്തിക്കൊണ്ടിരിക്കുന്ന വൈകല്യങ്ങളുടെ ദുർവശങ്ങൾ വേണ്ടത്ര വിശദീകരിക്കപ്പെടുന്നില്ല. അപൂർവമായി നടത്തപ്പെടുന്ന തിരുത്തുകളുടെ പരിധിയിലേക്ക് ആരോപകരോ വിമർശകരോ അടുക്കുന്നുമില്ല.

സ്വതന്ത്രനിരീക്ഷകരിൽ ചിലരുടെ വീക്ഷണങ്ങളും അഭിപ്രായങ്ങളും സാന്ദർഭികമായി പരിഗണനയിലെത്തുമ്പോൾ ഏതാനും യാഥാർഥ്യങ്ങളെക്കൂടി കാണേണ്ടതായിട്ടുണ്ട്. നിഷ്പക്ഷരുടെയും ഗുണകാംക്ഷികളുടെയും അഭിപ്രായങ്ങൾക്ക് അർഹിക്കുന്ന വിലകൽപിക്കുന്നതോടൊപ്പം സുരക്ഷിതമായ സാമൂഹ്യഘടനക്ക് ഉപയുക്തമെങ്കിൽ അവ നടപ്പാക്കുകയും വേണം. തങ്ങളുടെ ആദർശത്തിനും വിശ്വാസത്തിനും പ്രതികൂലമാവാത്ത കാര്യങ്ങളെ പരിഗണിക്കുന്നവരാണ് ഇസ്‌ലാമിക വിശ്വാസികൾ.

ഇസ്‌ലാമിക സമൂഹത്തെ ഗുണപരമായി സമീപിക്കാറുള്ള സഹൃദയനായ എഴുത്തുകാരൻ ബഹുമാന്യനായ കെ.പി. രാമനുണ്ണിയുടെ ഇവ്വിഷയകമായി വന്ന ഒരു പരാമർശത്തെ സാന്ദർഭികമായി അനുസ്മരിക്കുകയാണ്: "സമതുലിത മാർഗം, സാഹചര്യവിവേകം എന്നീ വിഷയങ്ങൾ മതവിഷയങ്ങളിൽ പോലും തെറ്റിക്കാൻ അനുവാദമില്ലെന്ന് നേരത്തെ പറഞ്ഞ പ്രശ്നങ്ങൾ ഉണ്ടാക്കിവെക്കുന്നവർ തിരിച്ചറിയുകതന്നെ വേണം." നിസാമുദ്ദീൻ ഇഷ്യുവിൽ അദ്ദേഹമെഴുതിയ ലേഖനത്തിലെ പരാമൃഷ്ട ഭാഗമാണിത്. കേരള മുഖ്യമന്ത്രി മുതൽ ദേശീയ പ്രതിപക്ഷനിരയിലെ പല പ്രമുഖരുടേയും അഭിപ്രായങ്ങൾക്കും ഇതേ സ്വരം തന്നെയാണുള്ളത്.

തീരുമാനിച്ചുറച്ച കാര്യങ്ങളിൽ പിന്നോട്ടില്ലാത്ത നിലപാടുകൾ പ്രശംസനീയമാണ്. എന്നാൽ അതിനെ ഇസ്‌ലാമികമായി ശരിവയ്ക്കാനുതകുന്ന സാഹചര്യങ്ങളെക്കൂടി പരിഗണിക്കേണ്ടതുണ്ട്. മാരകമെന്ന് മനസ്സിലാക്കപ്പെട്ട ഒരു മഹാമാരിയുടെ വ്യാപനം സ്ഥിരീകരിക്കപ്പെടുകയും ലോകത്തുടനീളം അതിന്റെ അനുരണനങ്ങളും അനുബന്ധമായ സുരക്ഷാ ക്രമീകരണങ്ങളും കൈക്കൊള്ളുകയും ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ സമൂഹ നന്മയ്ക്കായി വിശുദ്ധ ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്ന സുപ്രധാന സുരക്ഷാ നിർദേശങ്ങളെ മനസ്സിലാക്കി മാനിക്കുമ്പോൾ പ്രസ്തുത നിലപാടുകളിൽ മാറ്റം അനിവാര്യമായും ഉണ്ടാകേണ്ടതായിരുന്നു. തൽവിഷയകമായി പ്രാമാ



ണിക വചനങ്ങൾ വരക്കുന്ന വൃത്തത്തിനകത്തു നിൽക്കുന്നതിലാണ് കൂടുതൽ പുണ്യവും; അതിൽ തന്നെയാണ് ഭൗതികവും പാരത്രികവുമായ വിജയവും കുടികൊള്ളുന്നത്. മറിച്ച് 'അല്ലാഹു നമ്മെ കാത്തുകൊള്ളും, നമ്മൾ ദീനിന്റെ പരിശ്രമത്തിലാണല്ലോ' എന്ന ഭരമേൽപന(തവക്കുൽ)യുടെ വിചാരം വച്ചുപുലർത്താനോ ജൽപിക്കാനോ അല്ല ഇസ്‌ലാമിക പാഠങ്ങൾ പ്രേരണ നൽകുന്നത്. മൃഗത്തെ കെട്ടിയിടാതെ അല്ലാഹുവിനെ ഏൽപിക്കുന്നതിലുള്ള അസാംഗത്യം സാമാന്യബുദ്ധിയെ തൊട്ടുണർത്തുന്നതായ പ്രവാചകവചനത്തിന്റെ പ്രസക്തി ഇവിടെ നമുക്ക് ബോധ്യമാകുന്നു.

വിശ്വാസികളായ അടിമകൾക്ക് അവസരോചിതം അനുവദിക്കപ്പെടുന്ന അസംഖ്യം ഇളവുകളുണ്ട് ഇസ്‌ലാമിൽ; വെള്ളിയാഴ്ചയിലെ നിർബന്ധ(ജുമുഅ)നമസ്‌കാരവും ദിവസേന അഞ്ചുനേരങ്ങളിലായി സഗൗരവം നിർവഹിക്കപ്പെടുന്ന സംഘ നമസ്‌കാരങ്ങൾപോലും അനിവാര്യമെങ്കിൽ പള്ളികളിൽവച്ചു നിർവഹിക്കുന്നതിനു പകരം വീട്ടിൽവച്ചു നിർവഹിക്കാനാണ് പ്രവാചക നിർദേശം. രോഗവ്യാപനത്തിന് കടിഞ്ഞാണിടാൻ തന്നാലാവുംവിധം സഹകരിച്ചുകൊണ്ട് സാമൂഹിക പ്രതിബദ്ധത പ്രകടിപ്പിക്കാനാണ് ഇത്തരം സന്ദർഭങ്ങളിൽ ഇസ്‌ലാം അതിന്റെ അനുധാവകവൃന്ദത്തിനുള്ള അവബോധമായി അറിയിക്കുന്നത്. സന്ദർഭോചിതം ശ്രദ്ധേയമായ പ്രവാചക നിർദേശമനുസരിച്ച്, രോഗബാധിത പ്രദേശങ്ങളിലുള്ളവരും അവയ്ക്കു പുറത്തുള്ളവരും കൈക്കൊള്ളേണ്ട ഇസ്‌ലാമിക നിലപാടുകൾ ലോകമാകെ ഇതിനകം ചർച്ച ചെയ്യപ്പെടുകയുമുണ്ടായി.

പ്രശ്‌ന സങ്കീർണതകൾക്കുള്ള പക്വമായ പരിഹാരമായി ഇസ്‌ലാമികപ്രമാണങ്ങളെ ഗണിച്ചും ഗ്രഹിച്ചും നിലപാടെടുക്കുന്ന മുസ്‌ലിംകൾ വിരളമാണ്; അംഗുലീപരിമിതരായ ന്യൂനപക്ഷമായി ലോകത്തിന്റെ വിവിധ ദിക്കുകളിൽ ഒതുങ്ങിനിൽക്കുന്ന ഏതാനും വ്യക്തികളോ ചെറുസംഘങ്ങളോ മാത്രമാണ് ഇതിന്നപവാദമായിട്ടുള്ളത്. വിശുദ്ധക്വുർആനും തിരുസുന്നത്തും നിത്യജീവിതത്തിലെ വഴികാട്ടികളായി മാറുന്ന ലളിതമായ ജീവിത സാഹചര്യങ്ങൾ സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായി നിലനിൽക്കുന്ന കാലത്തോളം ഇത്തരം ദുരവസ്ഥ പ്രകടമായിരിക്കും.

മാധ്യമ ചർച്ചകൾക്ക് വിഷയദൗർലഭ്യം നേരിട്ടുകൊണ്ടിരിക്കുന്ന, 'സകല' ശാസ്ത്രങ്ങളുടെയും 'മേലധികാരി'കളായ യുക്തി(?)വാദികളും ഭൗതിക വിചാരധാരയിൽ മാത്രം ജീവിതത്തെ മുക്കിപ്പൊരിച്ചെടുത്ത നാസ്തിക ബുദ്ധിജീവവികളും, 'മുസ്‌ലിം' തോലണിഞ്ഞ സാമൂഹ്യ പരിഷ്‌കർത്താക്കളുമെല്ലാം മതവാഹകരെയും മതങ്ങളെയും അവഹേളിക്കാനുള്ള അവസരമന്വേഷിച്ചു നിരാശാബാധിതരായി തളർന്നിരിക്കുകയായിരുന്നു. പെടുന്നനെ വീശിയടിച്ച കൊറോണക്കാറ്റിൽ വീണ 'മധുരമാമ്പഴം' നുണഞ്ഞുകൊണ്ടവർ പാടിത്തിമർത്തു: "മതങ്ങൾ തോറ്റു... മതങ്ങൾ മാളങ്ങളിലൊളിച്ചു... മതങ്ങളും ദൈവങ്ങളും നിസ്സഹായർ...!" അവരെ തിരുത്താനുള്ള സകല ഉദ്യമങ്ങളും നിഷ്ഫലങ്ങളാണ്. കാരണം അവർ ബധിരന്മാരും ഊമകളുമാണ്. അഥവാ സത്യം അറിയാൻ ആഗ്രഹമില്ലാത്തവരാണ്.

"...എന്നാൽ ബധിരൻമാരെ -അവർ ചിന്തിക്കാൻ ഭാവമില്ലെങ്കിലും-നിനക്ക് കേൾപിക്കാൻ കഴിയുമോ?'' (ക്വുർആൻ 10:42).

കാലോചിതവും കാലാതിവർത്തിയുമായ വിശുദ്ധ ഇസ്‌ലാം അജയ്യമാണ്; സമഗ്രമായ ജീവിത വ്യവസ്ഥയാണ്. വ്യക്തിപരവും സാമൂഹികവുമായി മനുഷ്യജീവിതത്തിന്റെ ആമൂലാഗ്രം ആവൃതമായ സുരക്ഷാ കവചമാണത്. രോഗാവസ്ഥയിലും അരോഗാവസ്ഥയിലും മനുഷ്യർ കൈക്കൊള്ളേണ്ട നിലപാടുകളെ അത് പഠിപ്പിക്കുന്നുണ്ട്. അവക്രമനസ്സോടെ അടുത്തറിയാൻ അവസരമൊത്തവർ തമോമയമായ അബദ്ധങ്ങളുടെ പുറംതോടുപൊളിച്ച് അതിന്റെ ദിവ്യപ്രകാശത്തിൽ പ്രവേശിച്ചതായി നമുക്കുകാണാം. വ്യത്യസ്ത രാജ്യങ്ങളിലായി ജീവിച്ചുകൊണ്ടിരിക്കുന്നവരും മരിച്ചുപോയവരുമായ പ്രമുഖർ ആ ശ്രേണിയിലുണ്ട്. സത്യാവസ്ഥ അറിയാതെ, മുൻധാരണകളും വെറുപ്പും വച്ചുപുലർത്തിയ കാലങ്ങളിൽ വസ്തുതകളെ വളച്ചൊടിക്കാനും വെറുപ്പിന്റെ വിഷം തുപ്പാനും വ്യഗ്രത കാണിച്ചവരായിരുന്നു അവരിലധികപേരും.

അതേസമയം ജന്മംകൊണ്ട് മുസ്‌ലിം സമൂഹത്തിൽ അംഗത്വമുള്ളവരായ ആൾരൂപങ്ങളിൽ അധികവും അതിന്റെ യഥാർഥ അനുധാവകരല്ല എന്നു പറയേണ്ടിയിരിക്കുന്നു. പ്രൗഢവും പ്രശാന്തവുമായ ആ ശുദ്ധജല പ്രവാഹത്തെ ജീവിതത്തിന്റെ സകല തലങ്ങളിലും ആവശ്യാനുസാരം ഉപയോഗപ്പെടുത്തിക്കൊണ്ട് തങ്ങളുടെ വിശ്വാസ, കർമാദി കാര്യങ്ങളെ ദൈവശാസനകളുടെ അതിർത്തിലംഘിക്കാതെ പ്രാവർത്തികമാക്കി ജീവിക്കുന്നവരാണ് യഥാർഥ വിശ്വാസികൾ.

ഡോ. ജൗസൽ
jauzalcp@gmail.com





# മേഘങ്ങളെ കുറിച്ച ക്വുർആനിക പരാമർശങ്ങൾ

**ജലചംക്രമണത്തിലെ ദൈവിക ദൃഷ്ടാന്തം 2**

നീരാവി മേഘമായി മാറാനും വെള്ളത്തുള്ളികളും ആലിപ്പഴവും ഒക്കെയായി മാറി മഴപെയ്യാനും cloud condensing nuclei എന്ന പൊടിപടലങ്ങൾ അത്യാവശ്യമാണെന്നും മറ്റുമുള്ള ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ നടന്നിട്ടുള്ളത് കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രമാണ്. 1400 വർഷങ്ങൾക്കുമുമ്പ് ഇത്തരം കാര്യങ്ങളെപ്പറ്റി യാതൊരുവിധ അറിവും മനുഷ്യന് ഉണ്ടായിരുന്നില്ല. ക്വുർആൻ പതിനഞ്ചാം അധ്യായം സൂറതുൽ ഹിജ്‌റിലെ ഇരുപത്തിരണ്ടാം വചനത്തിൽ അല്ലാഹു പറയുന്നു.

"(മേഘങ്ങളിൽ) പരാഗണം നടത്തുന്ന കാറ്റുകളെ നാം അയക്കുകയും, എന്നിട്ട് ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതരികയും, എന്നിട്ട് നിങ്ങൾക്ക് അത് കുടിക്കുമാറാക്കുകയും ചെയ്തു. നിങ്ങൾക്കത് സംഭരിച്ചുവെക്കാൻ കഴിയുമായിരുന്നില്ല."

ഈ വചനത്തിൽ 'വ അർസൽനർരിയാഹ' എന്നാൽ 'കാറ്റുകളെ നാം അയച്ചു' എന്നും 'ലവാക്വിഹ' എന്നാൽ 'പരാഗണം നടത്തുന്ന,' അല്ലെങ്കിൽ 'പ്രത്യുൽപാദനം നടത്തുന്ന' എന്നാണ് അർഥം. And we send fertilizing winds എന്നോ and we send fecundating winds എന്നൊക്കെയാണ് ഇംഗ്ലീഷ് ക്വുർആൻ പരിഭാഷകളിലും ഉള്ളത്. പ്രത്യുൽപാദനം നടത്തുന്ന കാറ്റുകൾ അല്ലെങ്കിൽ പരാഗണം നടത്തുന്ന കാറ്റുകൾ, അതുമുഖേന മേഘങ്ങളിൽ നിന്നും വെള്ളം ഉൽപാദിപ്പിക്കപ്പെടുന്നു. സുബ്ഹാനല്ലാഹ്! എന്ത് അത്ഭുതപ്പെടുത്തുന്ന പദപ്രയോഗങ്ങളാണ് ക്വുർആൻ ഉപയോഗിച്ചിരിക്കുന്നത് എന്ന് നോക്കൂ!

ഇബ്നുകഥീറിൽ ഇബ്നു അബ്ബാസി ﷺ ന്റെ ശിഷ്യനായ സുപ്രസിദ്ധ ക്വുർആൻ വ്യാഖ്യാതാവ് ദഹ്ഹാക് എന്ന താബിഈ പണ്ഡിതൻ പ്രസ്താവിച്ചതായി ഇങ്ങനെ കാണാം

'അല്ലാഹു മേഘങ്ങളുടെ നേർക്ക് കാറ്റുകൾ അയക്കുകയും മേഘങ്ങളിൽ പരാഗണം നടത്തുകയും മേഘങ്ങൾ വെള്ളംകൊണ്ട് നിറയുകയും ചെയ്യുന്നു.'

പ്രവാചകാനുയായികളായ അബ്ദുല്ലാഹിബിനു മസ്ഊദ് ﷺ, ഇബ്നുഅബ്ബാസ് ﷺ എന്നിവരും ഖത്താദ(റഹി) ഇബ്റാഹീം അന്നകഇ(റഹി) തുടങ്ങിയ ക്വുർആൻ വ്യാഖ്യാതാക്കളുമെല്ലാം ഇതേ വിശദീകരണം നൽകിയതായി തഫ്സീറുകളിൽ കാണാവുന്നതാണ്.

സസ്യങ്ങളിൽ നടക്കുന്ന പരാഗണത്തെപ്പറ്റി നാം കേട്ടിട്ടുണ്ടാകും. ആൺപൂവിൽനിന്നുള്ള പൂമ്പൊടി പെൺപൂവിലേക്ക് എത്തിക്കുന്ന കാറ്റുകൾ 'പരാഗണം' നടത്തി അതുമുഖേന കായ്കനികൾ ഉണ്ടാകുന്നതു പോലെ മേഘങ്ങളിൽ cloud സീഡുകൾ വിതറിക്കൊണ്ട് കാറ്റുകൾ മഴ ഉൽപാദിപ്പിക്കുന്നു എന്ന്! എത്ര കൃത്യമായ പദപ്രയോഗങ്ങളാണ് ക്വുർആൻ നടത്തുന്നത് എന്ന് നോക്കൂ. കാറ്റുകൾ മേഘങ്ങളെ നീക്കി കൊണ്ടുപോകുന്നു എന്ന പരാമർശം മാത്രമാണ് ക്വുർആനിൽ ഉള്ളതെങ്കിൽ നമുക്ക് വാദത്തിനായി സമ്മതിക്കാം, മുഹമ്മദ് നബി ആകാശത്തേക്ക് നോക്കിയപ്പോൾ കാറ്റടിച്ചു മേഘം നീങ്ങുന്നത് കണ്ടു പ്രസ്താവിച്ചതാണ് ഇത് എന്ന്. കാറ്റടിച്ചാൽ മേഘം നീങ്ങിപ്പോകുന്നു എന്നത് എല്ലാ മനുഷ്യർക്കും അറിയുന്ന കാര്യമാണല്ലോ. എന്നാൽ ക്വുർആനിലുള്ളത് പരാഗണം നടത്തുന്ന കാറ്റുകൾ (fertilizing winds) എന്ന കൃത്യമായ പദപ്രയോഗമാണ്. മുഹമ്മദ് നബി ﷺ യിൽ നിന്നും നേരിട്ട് മതം പഠിച്ച സഹാബികൾ മനസ്സിലാക്കിയ ഇതിന്റെ വ്യാഖ്യാനവും നമ്മെ അത്ഭുതപ്പെടുത്തുന്നു! അതെ ക്വുർആൻ അല്ലാഹുവിന്റെ വചനങ്ങളാണ്.

വ്യത്യസ്തങ്ങളായ മേഘങ്ങളെപ്പറ്റി ക്വുർആനിൽ പരാമർശങ്ങൾ കാണാം. മേഘങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രത്തിനു 'നെഫോളജി' എന്നാണ് പറയുന്നത്. നെഫോളജിയുമായി ബന്ധപ്പെട്ട് ധാരാളം ക്വുർആൻ ആയത്തുകൾ നമുക്ക് കാണുവാൻ സാധിക്കും.

രൂപത്തിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും മൂന്നുപേരുകളിൽ മേഘങ്ങൾ അറിയപ്പെടുന്നു.

1) സ്ട്രാറ്റസ് (Stratus): ഒരു പാളിപോലെ കാണപ്പെടുന്നു, കൃത്യമായ അരികുകളില്ല.

2) ക്യുമുലസ് (Cumulus): ഒരു കൂന, കൂമ്പാരം പോലെ കാണപ്പെടുന്നു. കൃത്യമായ അരികുകൾ ഉണ്ടായിരിക്കും.

3) സിറസ് (Cirrus): നാട, നാര്, തൂവൽ തുടങ്ങിയ ആകൃതിയിൽ, വളരെ മൃദുവായി തോന്നുന്ന അരികുകൾ ഉണ്ടായിരിക്കും.

ഇത്തരത്തിൽ മൂന്നുതരം മേഘങ്ങളാണ് ആകാശത്തിൽ ഉള്ളത്. ഇതിൽ മഴമേഘങ്ങൾ രണ്ടുതരത്തിലാണുള്ളത്.

1 നിംബോ സ്റ്റ്റാറ്റസ്.


2 നിംബൊ ക്യുമുലസ് അല്ലെങ്കിൽ ക്യുമുലോ നിംബസ്.

മേഘങ്ങളുടെ പേരിനോടൊപ്പം 'നിംബോ' (nimbo) എന്ന വാക്ക് ഉണ്ടെങ്കിൽ അവ മഴമേഘങ്ങളാണെന്ന് അർഥം. ഈ രണ്ടുതരം മഴമേഘങ്ങളെ പറ്റിയും ക്വുർആനിൽ പരാമർശമുണ്ട്.

ഒന്നാമത്തെ തരം മഴമേഘങ്ങൾ അഥവാ നിംബോ സ്ട്രാറ്റസ് മഴ മേഘങ്ങൾ ആകാശത്ത് പരന്നുകിടന്നു മഴ വർഷിക്കുന്നവയാണ്. ഇത്തരം നിംബോ സ്ട്രാറ്റസ് മേഘങ്ങളിൽനിന്നും പെയ്യുന്ന മഴയോടൊപ്പം ഇടിമിന്നലുകൾ ഉണ്ടാവില്ല. ഇത്തരം മഴമേഘങ്ങളെ പറ്റി ക്വുർആൻ പരാമർശിക്കുന്നത് കാണുക:

"അല്ലാഹുവാകുന്നു കാറ്റുകളെ അയക്കുന്നവൻ. എന്നിട്ട് അവ (കാറ്റു

> **സസ്യങ്ങളിൽ നടക്കുന്ന പരാഗണത്തെപ്പറ്റി നാം കേട്ടിട്ടുണ്ടാകും. ആൺപൂവിൽനിന്നുള്ള പൂമ്പൊടി പെൺപൂവിലേക്ക് എത്തിക്കുന്ന കാറ്റുകൾ 'പരാഗണം' നടത്തി അതുമുഖേന കായ്കനികൾ ഉണ്ടാകുന്നതു പോലെ മേഘങ്ങളിൽ cloud സീഡുകൾ വിതറിക്കൊണ്ട് കാറ്റുകൾ മഴ ഉൽപാദിപ്പിക്കുന്നു! കൃത്യമായ പദപ്രയോഗങ്ങളാണ് ക്വുർആൻ നടത്തുന്നത്. പരാഗണം നടത്തുന്ന കാറ്റുകൾ (Fertilizing winds) എന്ന കൃത്യമായ പദപ്രയോഗമാണ് ക്വുർആനിലുള്ളത്. മുഹമ്മദ് നബി ﷺ യിൽ നിന്നും നേരിട്ട് മതം പഠിച്ച സഹാബികൾ മനസ്സിലാക്കിയ ഇതിന്റെ വ്യാഖ്യാനവും നമ്മെ അത്ഭുതപ്പെടുത്തുന്നു!**




കൾ) മേഘത്തെ ഇളക്കിവിടുന്നു. എന്നിട്ട് അവൻ ഉദ്ദേശിക്കുന്ന പ്രകാരം അതിനെ ആകാശത്ത് പരത്തുന്നു. അതിനെ പല കഷ്ണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്നിടയിൽ നിന്ന് മഴ പുറത്ത് വരുന്നതായി നിനക്ക് കാണാം. എന്നിട്ട് തന്റെ ദാസൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആ മഴ എത്തിച്ചുകൊടുത്താൽ അവരതാ സന്തുഷ്ടരാകുന്നു" (30:48).

രണ്ടാമത്തെ തരം മഴമേഘങ്ങളാണ് cumulonimbus. പേമാരിയും ഇടിമിന്നലും ചിലപ്പോഴൊക്കെ ആലിപ്പഴവർഷവും ഉണ്ടാക്കുന്ന ഇത്തരം മഴമേഘങ്ങളെ പറ്റിയുള്ള ക്വുർആനിലെ പരാമർശങ്ങളെ ഒരു ശാസ്ത്രവിദ്യാർഥിക്ക് അത്ഭുതത്തോടെയല്ലാതെ സമീപിക്കാനാവില്ല:

"അല്ലാഹു കാർമേഘത്തെ തെളിച്ച് കൊണ്ടുവരികയും, എന്നിട്ട് അത് തമ്മിൽ സംയോജിപ്പിക്കുകയും, എന്നിട്ടതിനെ അവൻ അട്ടിയാക്കുകയും ചെയ്യുന്നു എന്ന് നീ കണ്ടില്ലേ? അപ്പോൾ അതിന്നിടയിലൂടെ മഴ പുറത്ത് വരുന്നതായി നിനക്ക് കാണാം. ആകാശത്തു നിന്ന് -അവിടെ മലകൾ പോലുള്ള മേഘക്കൂമ്പാരങ്ങളിൽ നിന്ന് -അവൻ ആലിപ്പഴം ഇറക്കുകയും എന്നിട്ട് താൻ ഉദ്ദേശിക്കുന്നവർക്ക് അത് അവൻ ബാധിപ്പിക്കുകയും താൻ ഉദ്ദേശിക്കുന്നവരിൽനിന്ന് അത് തിരിച്ചുവിടുകയും ചെയ്യുന്നു. അതിന്റെ മിന്നൽ വെളിച്ചം കാഴ്ചകളെ റാഞ്ചിക്കളയുമാറാകുന്നു" (ക്വുർആൻ 24:43).

അല്ലാഹു മേഘങ്ങളെ തെളിച്ച് കൊണ്ടുവരികയും ഒന്നിനുമുകളിലൊന്നായി അട്ടിയട്ടിയായി കുത്തനെയുള്ള വലിയ കൂമ്പാരമായി രൂപപ്പെടുത്തുകയും ചെയ്യുന്നു. വലിയ പർവത സമാനമായ മേഘങ്ങൾ രൂപപ്പെടുന്നു. ഇത്തരം വലിയ മേഘങ്ങളിൽനിന്നും ആലിപ്പഴവർഷവും ഇടിമിന്നലും ഉണ്ടാവുന്നു എന്നാണ് ഈ വചനത്തിൽ പറഞ്ഞത്.

ശാസ്ത്രലോകത്ത് cumulonimbus clouds എന്നാണ് ഇത്തരം കൂറ്റൻ മേഘങ്ങൾ അറിയപ്പെടുന്നത്. ഇവക്ക് കിലോമീറ്ററുകൾ ഉയരമുണ്ട്. പത്തും പതിനഞ്ചും കിലോമീറ്റർ വരെ ഉയരം ഇത്തരം പടുകൂറ്റൻ മേഘങ്ങൾക്ക് ഉണ്ടാവും. അഥവാ വലിയ പർവതങ്ങളെക്കാൾ (എവറസ്റ്റ് കൊടുമുടിയെക്കാൾ പോലും) ഉയരമുള്ള വലിയ മേഘങ്ങൾ ആണ് ക്യുമുലോ നിംബസ് മേഘങ്ങൾ. ഇത്തരംമേഘങ്ങൾക്ക് സമീപത്തുകൂടി പോകുമ്പോഴാണ് വിമാനങ്ങൾ പലപ്പോഴും കുലുങ്ങുന്നത്. വിമാനയാത്ര നടത്തുന്ന ആളുകൾക്ക് ചിലപ്പോഴെങ്കിലും ഇത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടാവാം.

ശക്തമായ മഴയും കാറ്റും ഇടിമിന്നലും ചിലപ്പോഴൊക്കെ ആലിപ്പഴവർഷവും ഈ മേഘങ്ങളുടെ പ്രത്യേകതയാണ് ഈ ഇനത്തിൽപെട്ട മേഘത്തിനുള്ളിൽ ശക്തിയേറിയ വായുപ്രവാഹം ഒരു കൊടുങ്കാറ്റ്പോലെ ഉണ്ടാകുന്നുണ്ട്. മേഘത്തിന്റെ നടുഭാഗത്തുകൂടി അടിയിൽനിന്നു മുകളിലേക്കുയരുന്ന വായു പ്രവാഹത്തെ updraft എന്നും മേഘത്തിന്റെ വശങ്ങളിലൂടെ താഴേക്ക് പതിക്കുന്ന വായുപ്രവാഹത്തെ down draft എന്നും വിളിക്കുന്നു. ഈ മേഘങ്ങളുടെ താഴെത്തട്ടിൽ ജലകണങ്ങളും മുകളറ്റത്ത് ഐസ് ക്രിസ്റ്റലുകളുമാണുണ്ടാവുക. ഈ മേഘങ്ങൾക്ക് വളരെ കട്ടിയുള്ളതിനാൽ സൂര്യപ്രകാശത്തെ അവ ഗണ്യമായി തടഞ്ഞുനിർത്തുന്നു. അതിനാലാണ് മഴമേഘങ്ങളുടെ അടിഭാഗം കറുത്തിരുണ്ട് കാണപ്പെടുന്നത്.

3 സ്റ്റേജുകൾ ആണ് ഈ cumulonimbus മേഘങ്ങൾക്ക് ഉള്ളത്. ഒന്നാമതായി Developing stage. അഥവാ ഒരുപാട് മേഘങ്ങൾ ഒരുമിച്ച് കൂട്ടപ്പെട്ട് ഒന്നിനുമുകളിലൊന്നായി അട്ടിയട്ടിയായി വലിയ പർവത സമാനമായ മേഘം രൂപപ്പെടുത്തുന്ന സ്റ്റേജ്. വിശുദ്ധ ക്വുർആൻ കൃത്യമായി പ്രസ്താവിക്കുന്നു:

"അല്ലാഹു കാർമേഘത്തെ തെളിച്ച് കൊണ്ടുവരികയും എന്നിട്ട് അത് തമ്മിൽ സംയോജിപ്പിക്കുകയും എന്നിട്ടതിനെ അവൻ അട്ടിയാക്കുകയും ചെയ്യുന്നു..."

രണ്ടാമത്തെ സ്റ്റേജ് mature stage എന്നറിയപ്പെടുന്നു. അഥവാ ഒരു വലിയ മേഘപർവതം ആകാശത്ത് രൂപപ്പെടുന്നു.

മൂന്നാമത്തെ സ്റ്റേജ് dissipation stage എന്നറിയപ്പെടുന്നു. ഇത്തരം ഭീമൻ മേഘങ്ങളിൽനിന്നും പേമാരിയും ആലിപ്പഴവർഷവും ഇടിമിന്നലും ഉണ്ടായി, ഒടുവിൽ മേഘം ഇല്ലാതായിത്തീരുന്നതാണ് ഈ ഒരു സ്റ്റേജ്. 2,3 സ്റ്റേജുകളും കൃത്യമായിത്തന്നെ ഈ ക്വുർആൻ വചനത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു!

"...അപ്പോൾ അതിന്നിടയിലൂടെ മഴ പുറത്ത് വരുന്നതായി നിനക്ക് കാണാം. ആകാശത്തുനിന്ന് - അവിടെ മലകൾ പോലുള്ള മേഘക്കൂമ്പാരങ്ങളിൽ നിന്ന് -അവൻ ആലിപ്പഴം ഇറക്കുകയും എന്നിട്ട് താൻ ഉദ്ദേശിക്കുന്നവർക്ക് അത് അവൻ ബാധിപ്പിക്കുകയും താൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് അത് തിരിച്ചുവിടുകയും ചെയ്യുന്നു. അതിന്റെ മിന്നൽ വെളിച്ചം കാഴ്ചകൾ റാഞ്ചിക്കളയുമാറാകുന്നു" (24:43).

അത്ഭുതകരമായ വസ്തുത ആലിപ്പഴവർഷവും ശക്തമായ ഇടിമിന്നലുകളും ഇത്തരം cumulonimbus മേഘങ്ങളിൽനിന്നാണ് ഉണ്ടാവുന്നത് എന്നുള്ളതാണ്!

മിന്നൽ അഥവാ ലൈറ്റ്നിംഗ് മൂന്നുതരത്തിലുണ്ട്:

1. Intra cloud lightning അഥവാ ഒരു മേഘത്തിന്റെ ഒരു ഭാഗത്തുനിന്നും അതേ മേഘത്തിന്റെ മറ്റൊരു ഭാഗത്തേക്ക് നടക്കുന്ന മിന്നലുകൾ ആണ് ഇത്.



2. Inter cloud lightning. രണ്ടു മേഘങ്ങൾക്കിടയിൽ നടക്കുന്നതാണ് ഇത്.

ഈ രണ്ടുതരം മിന്നലുകളും ആകാശത്ത് മേഘങ്ങളിൽവച്ച് നടക്കുന്നതാണ്.

3. cloud to ground lightning. നമുക്ക് പരിചയമുള്ള അതിശക്തമായ ഇടിമിന്നലുകളാണ് ഇത്.

മേഘങ്ങളിൽനിന്നും ഭൂമിയിലേക്ക് പതിക്കുന്ന അതിശക്തമായ വൈദ്യുത പ്രവാഹമാണ് ഇത്തരം മിന്നലുകൾ. എല്ലാത്തരം മേഘങ്ങൾക്കും ഇത്തരം cloud to ground മിന്നലുകൾ ഉണ്ടാക്കാനുള്ള ശേഷിയില്ല. Cumulonimbus മേഘങ്ങളാണ് ഇത്തരം ശക്തമായ മിന്നലുകൾ അഥവാ മേഘങ്ങളിൽനിന്നും ഭൂമിയിലേക്ക് നേരിട്ട് പതിക്കുന്ന മിന്നലുകൾ ഉണ്ടാക്കുന്നത്. നേരത്തെ നാം ചർച്ച ചെയ്ത മറ്റു മേഘങ്ങൾക്ക് ഇത്തരത്തിലുള്ള cloud to ഗ്രൗണ്ട് മിന്നലുകൾ ഉണ്ടാക്കാനുള്ള ശേഷിയില്ല.

ആകാശത്ത് ഇത്തരം പർവതസമാനമായ മേഘങ്ങൾ ഉണ്ടെന്നുള്ള വസ്തുത താഴെനിന്ന് മുകളിലേക്കു നോക്കുന്ന ഒരാൾക്ക് ബോധ്യപ്പെടുന്നതല്ല. വിമാനങ്ങളിലും മറ്റും ആകാശയാത്ര നടത്തുമ്പോഴാണ് ഇത്തരം മേഘങ്ങളുടെ ഭീമാകാരരൂപം നമുക്ക് ബോധ്യപ്പെടുക. ഇത്തരം പടുകൂറ്റൻ ക്യുമുലോ നിംബസ് മേഘങ്ങൾ അന്തരീക്ഷത്തിൽ ഉണ്ടാകുന്നുണ്ടെന്നും അവയിൽ വലിയ മഞ്ഞുപർവതങ്ങൾ ഉണ്ടെന്നും അതിൽനിന്നും ആലിപ്പഴം വർഷിക്കുന്നു എന്നും അതിൽനിന്ന് തന്നെയാണ് ഭൂമിയിൽ പതിക്കുന്ന തരത്തിലുള്ള വലിയ വൈദ്യുതി പ്രവഹിക്കുന്ന മിന്നലുകൾ ഉണ്ടാവുന്നത് എന്നുമുള്ള അറിവ് അടുത്ത കാലത്ത് മാത്രമാണ് ശാസ്ത്രലോകം നേടിയെടുത്തത്. അടുത്തകാലത്ത് മാത്രം കണ്ടുപിടിക്കപ്പെട്ട ഈ ശാസ്ത്രീയ അറിവുകൾ 1400 വർഷങ്ങൾക്കുമുമ്പ് വളരെ കൃത്യമായി എങ്ങനെയാണ് നിരക്ഷരനായ പ്രവാചകന് അറിയാൻ കഴിയുക? യാതൊരുവിധ സാധ്യതകളും അതിനില്ല തന്നെ! വിശുദ്ധ ക്വുർആൻ ലോക സ്രഷ്ടാവായ അല്ലാഹുവിന്റെ വചനങ്ങളാണെന്ന്, ചിന്തിക്കുന്ന മനുഷ്യനെ ബോധ്യപ്പെടുത്തുന്നു ഇത്തരം ക്വുർആനിക വചനങ്ങൾ.

# കോവിഡും വിശ്വാസികളുടെ ബാധ്യതകളും

ലേഖനം

സി.പി സലീം
mail@nerpatham.com

**ലോ**കാരോഗ്യസംഘടന മഹാമാരിയായി പ്രഖ്യാപിച്ച, ഇതുവരെ മരുന്ന് കണ്ടുപിടിച്ചിട്ടില്ലാത്ത കൊറോണയെന്ന വൈറസിനു മുമ്പിൽ സ്തംഭിച്ചുനിൽക്കുന്ന ലോകത്ത് എങ്ങനെ നീങ്ങണമെന്നുള്ള തീരുമാനങ്ങൾ മുഴുവൻ പ്രവാചകാധ്യാപനങ്ങളുടെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ടാണെന്നത് പഠിക്കാൻ ശ്രമിക്കുന്ന ആർക്കും ബോധ്യമാകും.

ക്വാറന്റൈൻ, സാമൂഹികഅകലം തുടങ്ങിയ രോഗപ്രതിരോധ മാർഗങ്ങൾ 1400 വർഷങ്ങൾക്കു മുമ്പ് മുഹമ്മദ് നബി(സ്വ) പഠിപ്പിച്ചതാണ്. ഇക്കാര്യം ഈയൊരു മഹാമാരിയുടെ ആരംഭ ഘട്ടത്തിൽതന്നെ ചർച്ചയിലേക്ക് കൊണ്ടുവന്നത് അമേരിക്കയിലെ ഡോ. ക്രൈഗ് കോൺസിഡിൻ തന്റെ 'ന്യൂസ് വീക്ക്' മാഗസിനിലെ ലേഖനത്തിലൂടെയായിരുന്നു.

പകർച്ചവ്യാധിയുടെ വ്യാപനം തടയാനായി ഇന്ന് നാം കൈക്കൊള്ളുന്ന ഏകദേശമെല്ലാ മുൻകരുതലുകളും പ്രവാചകന്റെ അധ്യാപനങ്ങളിൽ കാണാൻ സാധിക്കുമെന്ന അദ്ദേഹത്തിന്റെ വാദത്തോടുകൂടിയാണ് പ്രവാചകാധ്യാപനങ്ങളുടെ നിത്യപ്രസക്തി ഏറെ ചർച്ചയായത്. മഹാമാരിയെ ചെറുക്കുക എന്നത് വിശ്വാസികളുടെ സാമൂഹിക ബാധ്യതയെന്നതിലുപരി മതപരമായ ബാധ്യതകൂടിയായി വിശ്വാസികൾ മനസ്സിലാക്കുകയായിരുന്നു.

## കോവിഡ് കാലത്തെ വിശ്വാസികളുടെ ബാധ്യകൾ

1) രോഗപ്രതിരോധ മാർഗങ്ങൾ സ്വീകരിക്കൽ മതപരമായ ബാധ്യതയാണ് എന്ന നിലയ്ക്ക് മനസ്സിലാക്കി സ്വയം പ്രാവർത്തികമാക്കി മാതൃക കാണിക്കുക.

2) കുടുംബത്തിലും അയൽപക്കത്തും സമൂഹത്തിലും രോഗപ്രതിരോധ മാർഗങ്ങൾ സംബന്ധിച്ച് ഫലപ്രദമായ ബോധവൽക്കരണം നടത്തുക.

3) വിവിധ തലങ്ങളിലുള്ള സർക്കാർ ജീവനക്കാരും അധ്യാപകരും സ്വയം സന്നദ്ധമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപൃതരാവുക.

4) വാർഡുതല ജാഗ്രതാസമിതികളുമായി ബന്ധപ്പെട്ട് വളണ്ടിയർമാരായി പ്രവർത്തിക്കുക. അതിൽ തന്നെ നിത്യരോഗികൾക്കും മറ്റും മരുന്നെത്തിച്ച് കൊടുക്കാനുള്ള കോൾ സെന്ററായി ഓരോ വിശ്വാസിയും മാറണം.

5) കണ്ടയ്ൻമെന്റ് സോൺ, ലോക്ഡൗൺ തുടങ്ങിയ ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടിവരുമ്പോൾ പലർക്കും പണമുണ്ടെങ്കിലും ഭക്ഷ്യസാധനം ലഭ്യമാകാത്ത അവസ്ഥവരും. അത്തരം ഘട്ടങ്ങളിൽ വളണ്ടിയർമാർക്ക് ഒരു മധ്യവർത്തിയായി, വാഹന ചെലവടക്കം വീട്ടുകാരിൽനിന്ന് വാങ്ങിക്കൊണ്ടുതന്നെ സേവനം ചെയ്യാൻ കഴിയും.

6) കൂലിപ്പണിയിലൂടെ ജീവിതം മുന്നോട്ടുനീക്കുന്ന, കുടുംബത്തിൽ പട്ടിണിയാണെങ്കിലും അഭിമാനബോധംകൊണ്ട് പുറത്തുപറയാത്തവരെ (മിസ്കീൻ) അന്വേഷിച്ച് കണ്ടെത്തുകയും സാമ്പത്തികശേഷിയുള്ളവരുടെ ശ്രദ്ധയിൽ വിഷയം കൊണ്ടുവരികയും പ്രശ്നം പരിഹരിക്കുകയും ചെയ്യുക.

7) പ്രാദേശികതലങ്ങളിൽ സ്ഥിരം റിലീഫ് പദ്ധതി നിലനിർത്തി കാരുണ്യവാനായ റബ്ബിൽനിന്ന് വലിയ പ്രതിഫലം വാങ്ങിക്കൂട്ടാൻ പരിശ്രമിക്കുക.

8) ക്വാറന്റൈനിൽ പ്രവേശിക്കുന്നവരുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് അവരുമായി നിരന്തര സമ്പർക്കം പുലർത്തി മാനസിക പിന്തുണ നൽകുക.



9) പോസിറ്റീവ് കേസുകളുമായി ബന്ധം സ്ഥാപിച്ച് ആത്മവിശ്വാസം പകർന്നുകൊടുക്കുക.


ഇത്തരം കാര്യങ്ങൾ ഗവണ്മെന്റിന്റെയോ അധികാരികളുടെയോ നിർദേശത്തിനു കാത്തുനിൽക്കാതെ തന്നെ സ്വയം കണ്ടറിഞ്ഞ് നിർവഹിക്കേണ്ടവരാണ് വിശ്വാസികൾ. ഇക്കാര്യത്തിൽ പൊതുസമൂഹത്തിനു മുന്നിൽ നല്ലൊരു മാതൃക കാട്ടിക്കൊടുക്കാൻ സമുദായ നേതൃത്വത്തിനും മുസ്‌ലിം സംഘടനകൾക്കും സാധിച്ചിട്ടുണ്ട്. സർക്കാർ നിർദേശത്തിന് കാത്തുനിൽക്കാതെ ആ ഘട്ടത്തിൽ ജമാഅത്ത്, ജുമുഅ, പെരുന്നാൾ നമസ്കാരം തുടങ്ങിയ ആരാധനകൾ പള്ളികളിൽവെച്ച് നിർവഹിക്കുന്നത് ഒഴിവാക്കാൻ നമുക്ക് സാധിച്ചു.

ബാധ്യതകൾ നിർവഹിക്കുക എന്നതിലുപരി നന്മകളുടെ മുന്നിൽ നടക്കുക എന്നതാവട്ടെ നമ്മുടെ ലക്ഷ്യം. മുമ്പ പരിചയമില്ലാത്ത തരത്തിൽ പ്രതിസന്ധികളുടെമേൽ പ്രതിസന്ധികൾ വർധിക്കുന്ന ഈ കാലത്ത് എല്ലാ മേഖലയിലും ഏറ്റവും നല്ല ഇടപെടലുകൾ നടത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

"അല്ലാഹു ഒരു അടിമയുടെ സഹായിയാണ്; അയാൾ തന്റെ സഹോദരനെ സഹായിക്കുന്ന കാലത്തോളം..." (മുസ്‌ലിം) എന്ന നബിവചനം വിശ്വാസികൾക്ക് ഏറെ പ്രചോദനം നൽകുന്നതാണ്.

പ്രൊഫ. കെ.പി സഅദ്
profkpsahad@gmail.com





# അസഹിഷ്ണുതയുടെ മനഃശാസ്ത്രം

ഒരാൾ വിശ്വാസിയാകണമെങ്കിൽ തന്റെ സഹോദരന്റെ വളർച്ചയിൽ സംതൃപ്തിയും തന്റെ അയൽവാസിയുടെ ക്ഷേമത്തിൽ താൽപര്യവും ഉണ്ടായിരിക്കണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. അസഹിഷ്ണുത ജനിക്കുന്നത് സ്വാർഥതയുടെ പൂർത്തീകരണമായും മനസ്സിന്റെ പിശുക്കിന്റെ അടിമത്തത്തിൽനിന്നുമാണ്.

നമ്മുടെ ജന്മരാജ്യം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അസഹിഷ്ണുതയാണെന്നു പറയാം. പരിമിതമായ ഒരു ജനവിഭാഗത്തിന് മാത്രം ആസ്വദിക്കാനുള്ളതാണ് ഈ ഭൂമിയിലെ വിഭവങ്ങളെല്ലാം എന്ന് ചിന്തിക്കുന്നവരുടെ ബുദ്ധിയുടെ ഉൽപന്നം കൂടിയാണിത്.

സാമൂഹ്യമാധ്യമങ്ങൾ ലോകത്തിന്റെ ഓരോ തുടിപ്പും ഒപ്പിയെടുക്കാൻ വേണ്ടി മത്സരിക്കുമ്പോൾ ശരിയും തെറ്റും വിവേചിച്ചറിയാൻ മറക്കുന്നതും മത്സരാധിഷ്ഠിതമായ ഒരു

ലോകത്ത് 'ലജ്ജ' എന്ന മാനുഷിക വികാരത്തിന് മൂല്യം കുറഞ്ഞതും അസഹിഷ്ണുത വളരാൻ ഇടനൽകിയിട്ടുണ്ട്. ലോകത്ത് ക്രൂരവും ഹീനവുമായ വൈകൃതങ്ങളിൽ അഭിരമിക്കുന്ന നേതാക്കൾ വാഴ്ത്തപ്പെടുമ്പോൾ സാമ്പത്തിക നേട്ടം മുഖ്യമായി കാണുന്നവർ അസഹിഷ്ണുതയെന്ന രോഗത്തെ ആദരിക്കാൻ ശ്രമിക്കുന്നു. ചരിത്രത്തിന്റെ തെറ്റായ വായനയും യാഥാർഥ്യങ്ങളെ വളച്ചൊടിക്കുന്ന മാധ്യമപ്രവർത്തകരും ജനങ്ങളുമായി ഇടപഴകി ജീവിക്കുന്നതിൽ അസംതൃപ്തി കാണിക്കുന്നവരും മറ്റുള്ളവരെ സംബന്ധിച്ചുള്ള മുൻധാരണകളിൽകൂടി സ്വപ്നം മെനയുന്ന അൽപജ്ഞാനികളും ഈ രോഗവ്യാപനത്തിന് ആക്കംകൂട്ടുന്നു.

തെറ്റായ വികസന സങ്കൽപവും ഒരാളുടെ പതനം തന്റെ പുരോഗതിയായി കരുതുന്ന വികലസങ്കൽപങ്ങളും ജനങ്ങളുടെ മനസ്സ് വിഷലിപ്തമാക്കുന്നതിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. മനുഷ്യനന്മകളെ കാണാൻ മടികാണിക്കുന്ന ചാലനുകൾ പടച്ചുവിടുന്ന സാമൂഹ്യദ്രോഹികളും ഈ വൈറസ് വ്യാപനത്തിന്റെ പ്രയോക്താക്കൾ തന്നെയാണ്.

സ്വന്തം ഇടങ്ങളിൽ തന്നെ പരിമിതപ്പെടുന്ന സഞ്ചാരവും മനുഷ്യത്വമുള്ളവരുമായുള്ള സഹവാസമില്ലായ്മയും കൂടിയാവുമ്പോൾ അസഹിഷ്ണുതയുടെ വളർച്ച ത്വരിതഗതി പ്രാപിക്കും. നാം വസിക്കുന്ന രാജ്യത്തിന്റെ പുരോഗതി പരസ്പര ബഹുമാനത്തിലാണെന്ന അറിവില്ലായ്മയും, അത്യാർത്തിയും അസൂയയും കുടികൊള്ളുന്ന മനസ്സും ഈ ദുരവസ്ഥ വ്യാപിക്കപ്പെടാൻ ഹേതുവായിട്ടുണ്ട്.

ശരിയായ സ്രോതസ്സുകളിൽനിന്ന് മതഗ്രന്ഥങ്ങൾ പഠിക്കാതെവന്നതും മുൻധാരണവച്ചുകൊണ്ടുള്ള പഠനവും മനസ്സിൽ അയിത്തം പ്രഖ്യാപിച്ചവരുമായുള്ള സമ്പർക്കമില്ലായ്മയും അസഹിഷ്ണുതയെന്ന പ്രതികൂലാവസ്ഥക്ക് കാരണമായിട്ടുണ്ട്.

അന്യമതത്തിൽ വിശ്വസിക്കുന്നതും അതനുസരിച്ച് ജീവിക്കുന്നതും തന്റെ സ്വാതന്ത്ര്യത്തിനും ജീവിതത്തിനും വലിയ ഭീഷണിയാണെന്നുള്ള വക്രചിന്ത ഇതിന് തീവ്രത നൽകിയിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഉണ്ടായ പ്രളയങ്ങൾ അകന്നുപോയ മനസ്സുകളെ കൂടുതൽ സൗഹൃദവലയത്തിലേക്ക് പുനരാനയിക്കാൻ ഹേതുവായിട്ടുണ്ട്. ഒരു വിഭാഗത്തിന്റെ ആരാധനാലയങ്ങൾ പോസ്റ്റ്മോർട്ടം, വിവാഹം പോലുള്ള കർമങ്ങൾക്ക് സാക്ഷ്യംവഹിച്ചു എന്നുള്ളത് മനസ്സിലെ വിളക്കുമാടങ്ങളെ ജ്വലിപ്പിച്ചുനിർത്തലിന്റെ അനിവാര്യതയാണ് അറിയിക്കുന്നത്.

മനുഷ്യത്വം മരവിച്ച മനസ്സുകളിലേക്ക് ആഴ്ന്നിറങ്ങുന്ന 'വിചാരധാര'കൾ ഒരു രാഷ്ട്രത്തിന്റെ തനിമയും തെളിച്ചവുമാണ് നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

## അസഹിഷ്ണുത വിതക്കുന്ന ദുരന്തങ്ങൾ

സാമൂഹ്യജീവിതത്തിന്റെ രസതന്ത്രം നഷ്ടപ്പെടുന്ന മനുഷ്യൻ ഭീതിയിലും നിർവികാരതയിലും ജീവിക്കാൻ പ്രേരിപ്പിക്കപ്പെടുന്നു. സുരക്ഷിതത്വബോധം വ്യക്തിതലം മുതൽ രാജ്യാന്തരംവരെ നീളുമ്പോൾ മാത്രമാണ് മനഃസമാധാനം പിറവിയെടുക്കുന്നത്.

ഒരു സമൂഹത്തിന്റെ പുരോഗതിക്കാധാരമായ അറിവുസംഭരണികൾ തച്ചുതകർക്കപ്പെടുമ്പോൾ അവസാനിക്കുന്നത് സ്വതന്ത്രമായ സത്യത്തിന്റെ അന്വേഷണം കൂടിയാണ്. രാഷ്ട്രപുരോഗതി വ്യാഖ്യാനിക്കപ്പെടുന്നതും പുനർവായന നടത്തപ്പെടുന്നതും അറിവിന്റെ ഗോപുരങ്ങളുടെ സംസ്ഥാപനത്തിലും സംരക്ഷണത്തിലും കൂടിയാണ്. എന്നാൽ അടുത്തിടെ നമ്മുടെ രാജ്യത്തുണ്ടായ 'അസാധാരണ രോഗലക്ഷണങ്ങൾ' രാഷ്ട്ര പൗരസമ്പത്തിന്റെ അപചയത്തെയും നിർവികാരതയെയുമാണ് അറിയിക്കുന്നത്.

മാനസികനില തകരാറിലായ രോഗി കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളെ ഓർമപ്പെടുത്തുന്ന കാര്യങ്ങളാണ് നമ്മുടെ രാജ്യത്ത് ഇന്നു നാം കണ്ടുകൊണ്ടിരി

**"അന്യമതത്തിൽ വിശ്വസിക്കുന്നതും അതനുസരിച്ച് ജീവിക്കുന്നതും തന്റെ സ്വാതന്ത്ര്യത്തിനും ജീവിതത്തിനും വലിയ ഭീഷണിയാണെന്നുള്ള വക്രചിന്ത ഇതിന് തീവ്രത നൽകിയിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഉണ്ടായ പ്രളയങ്ങൾ അകന്നുപോയ മനസ്സുകളെ കൂടുതൽ സൗഹൃദവലയത്തിലേക്ക് പുനരാനയിക്കാൻ ഹേതുവായിട്ടുണ്ട്. ഒരു വിഭാഗത്തിന്റെ ആരാധനാലയങ്ങൾ പോസ്റ്റ്മോർട്ടം, വിവാഹം പോലുള്ള കർമങ്ങൾക്ക് സാക്ഷ്യംവഹിച്ചു എന്നുള്ളത് മനസ്സിലെ വിളക്കുമാടങ്ങളെ ജ്വലിപ്പിച്ചുനിർത്തലിന്റെ അനിവാര്യതയാണ് അറിയിക്കുന്നത്."**

ക്കുന്നത്. വർഷങ്ങളായി നമ്മുടെ രാജ്യം കഠിനാധ്വാനത്തിൽ കൂടി ആർജിച്ചെടുത്ത സാമ്പത്തിക ഭദ്രതയും സുസ്ഥിതിയും ദിവസങ്ങൾകൊണ്ടാണ് നിലംപരിശായത്. രാജ്യത്തിന്റെ ശിൽപികൾ വിഭാവനം ചെയ്ത ക്ഷേമരാഷ്ട്രം ആകെ തകിടം മറിയുന്ന ദുരവസ്ഥ സൃഷ്ടിച്ചതിൽ അസഹിഷ്ണുതക്ക് വലിയ പങ്കുണ്ട് എന്നു പറയാം.

രാജ്യത്ത് വർഷങ്ങളായി താമസിച്ചുവരുന്ന പൗരന്മാരുടെ പൗരത്വം പുനഃപരിശോധിക്കണമെന്ന ആവശ്യം അസഹിഷ്ണുതയുടെ സൃഷ്ടിയാണ്. വ്യത്യസ്ത ഭാഷകളും സംസ്കാരങ്ങളും സമന്വയിച്ച ഒരു രാഷ്ട്രത്തിന്റെ പുരോഗതി അരക്ഷിതാവസ്ഥയിലേക്കും കലാപങ്ങളിലേക്കും വഴിമാറുന്നത് ശുഭസൂചകമല്ല. ജനാധിപത്യം ഊട്ടിയുറപ്പിക്കേണ്ട തലസ്ഥാനനഗരിയിൽ തന്നെ 'ഷാഹിൻ ബാഗ്' സമരം രൂപംകൊണ്ടപ്പോൾ തകർന്നടിഞ്ഞത് ഇന്ത്യക്കാരന്റെ അഭിമാനവും സഹിഷ്ണുതാമനസ്സുമാണ്. പാർശ്വവത്കരിക്കപ്പെട്ടവരും ഭീതിയിലകപ്പെട്ടവരും നീതിനിഷേധത്തിനെതിരെ തെരുവിലിറങ്ങിയപ്പോൾ അവിടെയും കലാപം പടർത്താൻ ഗൂഢാലോചന നടത്തിയവർ അസഹിഷ്ണുതയുടെ വാഹകരായിരുന്നു. പൗരസ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കും വിലങ്ങുവീണതാണ് ഒരുപാട് ഇന്ത്യക്കാർ ജോലിപോലും ഉപേക്ഷിച്ച് സമരപ്പന്തൽ ഒരുക്കാൻ ഇടയാക്കിയത്. ധാർമിക മൂല്യങ്ങളിലൂന്നി സാംസ്കാരിക പൈതൃകങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന കലാലയങ്ങൾ കലാപഭൂമിയാക്കിയവർ അസഹിഷ്ണുതയെ ജനകീയവത്കരിച്ചവരാണ്. നൂറ്റാണ്ടുകളായി ഭാരതത്തിൽ നിലനിന്നുവന്ന സഹവർത്തിത്വത്തെ തമസ്കരിക്കാനും വർഗീയചിന്തകൾക്ക് വളമിടാനും ആഗ്രഹിച്ചവരാണ് ബീഫ് തിന്നതിന്റെയും പശുക്കടത്തിന്റെയുമൊക്കെ പേരിൽ ആളുകളെ തല്ലിക്കൊല്ലാൻ രംഗത്തിറങ്ങിയത്.



ഓരോ മത വിശ്വാസിക്കും അവനവന്റെ മതാചാരങ്ങൾ നിർവഹിക്കാനും വിശ്വാസം കാത്തുസൂക്ഷിക്കാനും അവസരം നൽകുന്ന ഇന്ത്യൻ ഭരണഘടന എല്ലാ മതമൂല്യങ്ങളെയും ഉൾക്കൊള്ളാനാണ് ആഹ്വാനം ചെയ്തത്. അപരന്റെ വിശ്വാസത്തെയും ആചാരങ്ങളെയും അസഹിഷ്ണുതയോടെ നിരീക്ഷിക്കാൻ പ്രേരണ നൽകുന്നത് മനസ്സ് സ്വാർഥതയിലേക്ക് പരിമിതപ്പെട്ടു എന്നതിന്റെ ദുഃസൂചനയാണ്. സിന്ദൂരം തൊടുന്നതിന്റെ മനഃശാസ്ത്രം വിശദീകരിച്ചപ്പോൾ തങ്ങളുടെ പെൺമക്കൾ കാക്കമാരുടെ പീഡനത്തിൽ അകപ്പെടാതിരിക്കാൻ എന്നു പറഞ്ഞത് അറിവില്ലായ്മയുടെയും മുൻവിധിയുടെയും അടയാളമാണ്. അല്ലെങ്കിൽ അന്ധമായ വിരോധമാണ്.

അസഹിഷ്ണുത കോവിഡിനെക്കാൾ വലിയ മഹാമാരിയാണ്. ഒരു രാജ്യത്തുള്ള എല്ലാ മതവിഭാഗങ്ങളെയും സമഭാവനയോടെ ദർശിക്കാൻ കഴിയുമ്പോൾ ചിലർക്ക് ജനിക്കുന്ന സന്താനങ്ങൾ അപരവത്കരിക്കപ്പെടുകയോ അവരുടെ എണ്ണപ്പെരുപ്പം തടയാൻ വേണ്ടി വിവാഹപ്രായം കൂട്ടുകയോ ചെയ്യേണ്ടിവരില്ല. അസഹിഷ്ണുത രക്തത്തിൽ കയറുന്നതോടെ മറ്റുള്ളവരെ മനുഷ്യരായി കാണാനും സഹായിക്കാനുമുള്ള മനഃസ്ഥിതി നഷ്ടപ്പെടുന്നു. കരിപ്പൂരിൽ വിമാനദുരന്തമുണ്ടായപ്പോൾ കൊറോണയെ വകവെക്കാതെ മലപ്പുറത്തുള്ളവർ രക്ഷാ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങിയത് 'സഹിഷ്ണുത' എന്ന വികാരം ഇവിടെ നിന്നും അന്യമായിട്ടില്ല എന്നതിന്റെ പ്രഖ്യാപനമായിരുന്നു.

അപരന്റെ വേദനകളെയും നൊമ്പരങ്ങളെയും തന്റേതായി കാണാൻ പറ്റുന്ന അവസ്ഥയിൽ മാത്രമാണ് നാം മനുഷ്യത്വമുള്ളവരാകുന്നത്. ജീവിതത്തിന്റെ പച്ചയായ യാഥാർഥ്യങ്ങളോട് പുറംതിരിഞ്ഞു നിൽക്കാൻ കൽപിക്കുന്ന ഒരു മനസ്സ് നമ്മിലുണ്ടായിക്കഴിഞ്ഞാൽ പിന്നീടു സംഭവിക്കുന്നത് സത്യവും നീതിയും തമസ്കരിക്കപ്പെടലായിരിക്കും.

അസഹിഷ്ണുത എന്ന വികാരം മനസ്സിനെ ഗ്രസിച്ചാൽ വലിയ മാറ്റങ്ങളാണ് ഒരാളിൽ സംഭവിക്കുക. തന്നെ വിമർശിക്കുന്നവരോട് പുറംതിരിഞ്ഞു നിൽക്കാനും അവർ പറയുന്നതിലെ വസ്തുതകളെ കാണാത്ത മട്ടിൽ പെരുമാറാനും സാധിക്കുന്ന ഒരു മാനസികാവസ്ഥയാണിത്. താൻ പറയുന്നതും ചെയ്യുന്നതും മാത്രമെ ശരിയുള്ളൂ എന്ന ശക്തമായ തോന്നലും വിശ്വാസവും ആയിരിക്കും ഈ കുട്ടരെ പിന്നീട് നിയന്ത്രിക്കുക. ക്ഷമാപണം, വിട്ടുവീഴ്ച, എടുത്ത തീരുമാനം പുനഃപരിശോധിക്കൽ, വീണ്ടുവിചാരം തുടങ്ങി, നാം സാധാരണ ബുദ്ധിയുള്ളവരിൽ ദർശിക്കുന്ന ഗുണങ്ങൾ ഇവരിൽ കാണുവാൻ സാധ്യമല്ല. കരളലയിപ്പിക്കുന്ന കാഴ്ചകളോ സംഭവങ്ങളോ ഈ മാനസികാവസ്ഥ അനുഭവിക്കുന്നവർക്ക് പ്രശ്നമായി തോന്നുകയേ ഇല്ല.

സ്നേഹം, ആർദ്രത, കാരുണ്യം തുടങ്ങിയ വികാരങ്ങൾ ഇവർക്ക് അന്യമായിരിക്കും. കോടിക്കണക്കിനാളുകൾക്ക് ദുരിതം വിതച്ചിട്ടായാലും ശരി തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഇവർ പരിശ്രമിക്കും. അതിനായി എന്തു നെറികേടും കാണിക്കാൻ ഇവർ മടികാണിക്കില്ല. തങ്ങൾ വെറുക്കുന്ന ജനതയെ പാർശ്വവത്കരിക്കുന്നതിന് ഏതറ്റം വരെ പോവാനും ഇവർ തയ്യാറായിരിക്കും. നേരും നെറിയും നഷ്ടപ്പെടുമ്പോൾ തികച്ചും അപ്രായോഗികമായ ഒരു ആദർശത്തെയും ആശയത്തെയും മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുമ്പോൾ ഇവർ വല്ലാത്തൊരു മാനസിക സംതൃപ്തി അനുഭവിക്കുന്നുണ്ടാകും.

അസഹിഷ്ണുത നമ്മുടെ രാജ്യത്തെ ബാധിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ അർബുദമാണെന്ന് പറയാം. തങ്ങൾ സ്വപ്നം കാണുന്ന സമൂഹനിർമിതിക്ക് വേണ്ടി മറ്റുള്ളവരെ ഇല്ലാതാക്കുന്നതിൽ ഒരു തെറ്റുമില്ല എന്ന് വിശ്വസിക്കുന്നവരുടെ കൂട്ടായ്മയാണ് ഇവരുടെ ബലം. സ്വാർഥതയെ പ്രചോദിപ്പിക്കുന്ന ചിത്രങ്ങൾ, കഥകൾ, സിനിമകൾ, പരിപാടികൾ എല്ലാം കണ്ട് വളരുന്ന പുതുതലമുറക്ക് മാറിച്ചിന്തിക്കാൻ കഴിയാത്തവിധം മനസ്സ് മരവിച്ചുകൊണ്ടിരിക്കുന്നു. പങ്കുവയ്ക്കലിൽ കൂടിയാണ് സംതൃപ്തിയും ജീവിത നന്മയും കരസ്ഥമാക്കാൻ കഴിയുക എന്ന തിരിച്ചറിവ് ഇവരിൽ നഷ്ടപ്പെട്ടിരിക്കുന്നു.

അസഹിഷ്ണുത സൃഷ്ടിക്കുന്നത് അരാചകത്വമാണ്. മറ്റുള്ളവരെ ഉൾക്കൊള്ളാനുള്ള കഴിവിന്റെ തിരസ്കരമാണിത്. സ്വജന പക്ഷപാതിത്വത്തിന്റെ വളർച്ചയും മൂർച്ചയുമാണിത്. നൈമിഷിക സാമ്പത്തിക ലാഭങ്ങളും നേട്ടങ്ങളുമാണിവർക്ക് ഹരംപകരുന്നത്. സാമൂഹ്യ പ്രതിബദ്ധതയില്ലായ്മയാണ് ഇതിന്റെ തിക്തഫലം. മറ്റുള്ളവരുടെ കഴിവുകളും ശേഷികളും വളരുന്നതും ഉണരുന്നതും തങ്ങളുടെ കഴിവുകൾ അവഗണിക്കപ്പെടാൻ കാരണമാകുമോ എന്ന ഉൽകണ്ഠയും പേടിയുമാണ് ഈ മാനസികാവസ്ഥയുള്ളവരെ നിയന്ത്രിക്കുക. ഈ വൈറസ് പിടികൂടുക മനുഷ്യന്റെ നന്മചെയ്യാനുള്ള സഹജവാസനയെയാണ്. അസഹിഷ്ണുത ഒരാളിൽ വന്നുചേരുന്നതോടുകൂടി അയാൾ ലക്ഷ്യബോധം നഷ്ടപ്പെട്ട് കാറ്റിൽ ഉലയുന്ന വഞ്ചിയെ പോലെയാകുന്നു. സമൂഹത്തിൽനിന്നുയരുന്ന ചെറിയ നെടുവീർപ്പുകൾ പോലും ഇവരുടെ മാനസികാവസ്ഥയെ കൊടുങ്കാറ്റുകളായിട്ടാണ് സ്വാധീനിക്കുക. ഈ ഹിംസാത്മക വൈറസ് ലക്ഷ്യംവയ്ക്കുന്നത് മനുഷ്യരുടെ ക്രയശേഷിയുടെയും ചിന്താശക്തിയുടെയും തിരോധാനമാണ്. തങ്ങളുടെതല്ലാത്ത വിശ്വാസത്തെയും ആചാരങ്ങളെയും മറ്റും ചോദ്യം ചെയ്യുന്നതും ഉൻമൂലനം ചെയ്യുന്നതും ഇവർക്കൊരു ഹരമായാണ് തോന്നുക.

അസഹിഷ്ണുത സൃഷ്ടിക്കുന്നത് അസ്തിത്വ പ്രതിസന്ധിയാണ്. ഇതിന് നേതൃത്വം നൽകുന്നവർ ആഗ്രഹിക്കുന്നത് മനുഷ്യവിഭവശേഷിയുടെ ഷണ്ഡീകരണവും ഉന്മൂലനവുമാണ്. ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന, ഒരു രാഷ്ട്രത്തിന്റെ നന്മകളുടെയും സംസ്കാരങ്ങളുടെയും മുനയൊടിക്കുന്ന നിഷേധാത്മകമായ ചിന്തകൾ (ഉദാ: ക്രോധം, പക, അസൂയ, വെറുപ്പ്) വളർത്തുന്ന, മനുഷ്യന്റെ ക്രയശേഷിയെയും അധ്വാനിക്കാനുള്ള താൽപര്യത്തെയും ഇല്ലാതാക്കുന്ന, ഏറ്റവും ബീഭൽസമായ പ്രതികരണങ്ങൾ സമൂഹത്തിലുളവാക്കുന്ന ഒരു വില്ലനാണിത്.

നമ്മൾ പറയുന്നതും ചിന്തിക്കുന്നതും ചെയ്യുന്നതും മാത്രമാണ് ശരിയെന്നും അത് മറ്റുള്ളവർ അനുസരിക്കണമെന്നുമുള്ള ശാഠ്യം ഒരാളുടെ സ്വത്വത്തിനും സ്വബോധത്തിനുമാണ് കൂച്ചുവിലങ്ങിടുന്നത്. ഭൂരിപക്ഷ ജനതയിലെ ന്യൂനപക്ഷങ്ങളുടെ ഉൽപന്നമാണ് യഥാർഥത്തിൽ നമ്മുടെ നാട്ടിൽ നാം കാണുന്ന അസഹിഷ്ണുത. അക്രമിക്കുന്ന ഏതാനും ആളുകൾ കാണിക്കുന്നതിനെക്കാൾ വലിയ ക്രൂരതയാണ് ഇതൊന്നും എന്നെ ബാധിക്കില്ല എന്ന രീതിയിൽ ചിന്തിക്കുന്നവരും അതിനെതിരെ പ്രതികരിക്കാതിരിക്കുന്നവരും കാണിക്കുന്നത്.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 60, ഭാഗം: 1

# മുംതഹിന (പരീക്ഷിക്കപ്പെടേണ്ടവൾ)

(മദീനയിൽ അവതരിച്ചത്)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ عَدُوِّى
وَعَدُوَّكُمْ أَوْلِيَآءَ تُلْقُونَ إِلَيْهِم بِٱلْمَوَدَّةِ
وَقَدْ كَفَرُوا۟ بِمَا جَآءَكُم مِّنَ ٱلْحَقِّ
يُخْرِجُونَ ٱلرَّسُولَ وَإِيَّاكُمْ ۙ أَن تُؤْمِنُوا۟
بِٱللَّهِ رَبِّكُمْ إِن كُنتُمْ خَرَجْتُمْ جِهَٰدًا
فِى سَبِيلِى وَٱبْتِغَآءَ مَرْضَاتِى ۚ تُسِرُّونَ
إِلَيْهِم بِٱلْمَوَدَّةِ وَأَنَا۠ أَعْلَمُ بِمَآ أَخْفَيْتُمْ
وَمَآ أَعْلَنتُمْ ۚ وَمَن يَفْعَلْهُ مِنكُمْ فَقَدْ
ضَلَّ سَوَآءَ ٱلسَّبِيلِ ﴿١﴾

1. ഹേ; സത്യവിശ്വാസികളേ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധം സ്ഥാപിച്ചുകൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കി വെക്കരുത്. നിങ്ങൾക്കു വന്നുകിട്ടിയിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കുകയാണ്. നിങ്ങൾ നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൽ വിശ്വസിക്കുന്നതിനാൽ റസൂലിനെയും നിങ്ങളെയും അവർ നാട്ടിൽനിന്നു പുറത്താക്കുന്നു. എന്റെ മാർഗത്തിൽ സമരം ചെയ്യുവാനും എന്റെ പ്രീതിതേടുവാനും നിങ്ങൾ പുറപ്പെട്ടിരിക്കുകയാണെങ്കിൽ (നിങ്ങൾ അപ്രകാരം മൈത്രീബന്ധം സ്ഥാപിക്കരുത്). നിങ്ങൾ അവരുമായി രഹസ്യമായി സ്നേഹബന്ധം സ്ഥാപിക്കുന്നു. നിങ്ങൾ രഹസ്യമാക്കിയതും പരസ്യമാക്കിയതും ഞാൻ നല്ലവണ്ണം അറിയുന്നവനാണ്. നിങ്ങളിൽനിന്ന് വല്ലവനും അപ്രകാരം പ്രവർത്തിക്കുന്ന പക്ഷം അവൻ നേർമാർഗത്തിൽനിന്ന് പിഴച്ചുപോയിരിക്കുന്നു.

ഹാത്വിബിബ്നു അബീബൽതഅയുടെ സംഭവമാണ് ഈ വിശുദ്ധ വചനങ്ങൾ ഇറങ്ങാൻ കാരണമെന്ന് ധാരാളം ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുണ്ട്. നബിﷺയുടെ മക്കാവിജയം യുദ്ധം നടക്കുന്ന സന്ദർഭമാണിത്. നബിﷺയുടെ വരവിനെക്കുറിച്ച് ഹാത്വിബ് മുശ്‌രിക്കുകൾക്ക് കത്തെഴുതി; അവർക്ക് അത് ഒരു സഹായമായിത്തീരാൻ വേണ്ടി. കാപട്യമോ സംശയമോ ഉള്ളതുകൊണ്ടല്ല. ആ കത്ത് ഒരു സ്ത്രീയുടെ അടുക്കൽ കൊടുത്തയച്ചു. ഇക്കാര്യം നബിﷺക്ക് അറിയിക്കപ്പെട്ടു. അവൾ മക്കയിൽ എത്തും മുമ്പ് അവളിലേക്ക് നബിﷺ ആളെ ആയച്ചു. ആ എഴുത്ത് അവളിൽനിന്ന് പിടിച്ചെടുത്തു. ഹാത്വിബിനെ ശാസിച്ചു. നബിﷺയോട് അദ്ദേഹം കാരണം ബോധിപ്പിച്ചു.

മുശ്‌രിക്കുകളും അല്ലാത്തവരുമായ സത്യനിഷേധികളോട് അതിനെതിരായി മൈത്രീബന്ധം സ്ഥാപിക്കുന്നതിനെ ശക്തമായി ഈ വചനങ്ങൾ വിരോധിക്കുന്നു; അവരോട് സ്നേഹബന്ധം സ്ഥാ

പിക്കുന്നതിനെയും. അത് വിശ്വാസത്തെ നിരാകരിക്കുന്നതും ഖലീൽ ഇബ്റാഹിംﷺയുടെ മാർഗത്തിന് വിരുദ്ധവുമാണ്. എല്ലാ നിലയ്ക്കും ശത്രുവിനെ സൂക്ഷിക്കൽ നിർബന്ധമാക്കുന്ന ബുദ്ധിക്കും ഇത് എതിരാണ്. ശത്രുതാപരമായ താൽപര്യങ്ങൾ വല്ലതുമുള്ള ശത്രു തന്റെ എതിരാളിക്ക് ഉപദ്രവം ചെയ്യാൻ എല്ലാ അവസരവും ഉപയോഗിക്കും.

1). അല്ലാഹു പറയുന്നു: (ഹേ, സത്യവിശ്വാസികളേ). നിങ്ങൾ വിശ്വാസത്തിന്റെ താൽപര്യമനുസരിച്ച് പ്രവർത്തിക്കണം.വിശ്വാസത്തിൽ നിലകൊള്ളുന്നവരോട് മൈത്രിയിലും ശത്രുത കാണിക്കുന്നവരോട് ശത്രുതയിലുമാവണം. കാരണം അവൻ അല്ലാഹുവിന്റെയും സത്യവിശ്വാസികളുടെയും ശത്രുവാണ് (നിങ്ങൾ സ്വീകരിക്കരുത്). അല്ലാഹുവിന്റെശത്രുവിനെ (നിങ്ങളുടെ ശത്രുവെയും സ്നേഹബന്ധം സ്ഥാപിച്ചുകൊണ്ട് അവരെ മിത്രങ്ങളാക്കി വെക്കരുത്). അവരോടുള്ള സ്നേഹബന്ധങ്ങളിൽ ധൃതികാണിക്കുകയും അതിനുള്ള വഴികളിൽ പരിശ്രമിക്കുകയും ചെയ്യരുത്. കാരണം സ്നേഹബന്ധം ഉണ്ടായി കഴിഞ്ഞാൽ തുടർന്ന് സഹായവും ബന്ധവുംവേണ്ടിവരും. അപ്പോൾ അടിമ വിശ്വാസത്തിൽ നിന്ന് പുറത്തുപോകും. അങ്ങനെ അവിശ്വാസികളുടെ കൂട്ടത്തിൽ ആയിത്തീരുകയും ചെയ്യും. സത്യനിഷേധിയെ മിത്രമായി സ്വീകരിക്കുന്നവന് മനുഷ്യത്വവും ഇല്ലാതാകുന്നു.


തന്റെ ഏറ്റവും വലിയ ശത്രുവിനെ എങ്ങനെയാണ് മിത്രമാക്കുക, അവന് ദോഷം മാത്രമാണ് അവനുദ്ദേശിക്കുന്നത്.അവന്റെ രക്ഷിതാവിനും അവന് നന്മ ഉദ്ദേശിക്കുന്ന മിത്രങ്ങൾക്കും അവനെതിരാണ്. അതിനവൻ പ്രേരിപ്പിക്കുകയും കൽപിക്കുകയും ചെയ്യുന്നു. അവിശ്വാസികളോടുള്ള ശത്രുതക്ക് വിശ്വാസികളോട് ആവശ്യപ്പെടുന്നതിന്റെ മറ്റൊരു കാരണം സത്യത്തിൽ നിന്നും വിശ്വാസികൾക്ക് വന്നതിനെ അവർ നിഷേധിക്കുന്നു എന്നതും കൂടിയാണ്. ഇതിനെക്കാളും വിയോജിക്കേണ്ട മറ്റൊന്നില്ല. കാരണം അവർ നിങ്ങളുടെ മതത്തിന്റെ അടിസ്ഥാനം നിഷേധിച്ചവരാണ്. നിങ്ങൾ സന്മാർഗം ലഭിക്കാതെ പിഴച്ചവരാണെന്നുമാണ്. സംശയത്തിനോ ശങ്കക്കോ ഇടയില്ലാത്ത വിധം അവർ തന്നെയാണ് പിഴച്ചവർ. സത്യത്തെ തള്ളിക്കളഞ്ഞവരും. അവരുടെ വാദത്തിന്റെ സത്യത തെളിയിക്കാവുന്ന തെളിവോ പ്രമാണമോ കണ്ടെത്തുക അസാധ്യമാണ്. മറിച്ച് ഇത് തള്ളിക്കളയുന്നവരുടെ നിരർഥകത തെളിയിക്കാവുന്ന തെളിവ് മാത്രമേ ലഭിക്കൂ.

അവരുടെ ശക്തമായ ശത്രുതയിൽ പെട്ടതാണ് അവർ (റസൂലിനെയും നിങ്ങളെയും അവർ നാട്ടിൽ നിന്ന് പുറത്താക്കുന്നു). സത്യവിശ്വാസികളേ, നിങ്ങളെ അവർ നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കുകയും നിങ്ങളുടെ സ്വദേശങ്ങളിൽ നിന്ന് ആട്ടിയോടിക്കുകയും ചെയ്യുന്നു. നിങ്ങൾ വിശ്വസിക്കുന്നവരാണെന്ന തെറ്റല്ലാതെ അവരുടെ അടുക്കൽ നിങ്ങൾക്കില്ല. (നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൽ) അവന് ആരാധന നിർവഹിക്കണമെന്ന് എല്ലാ സൃഷ്ടികൾക്കും അവൻ നിശ്ചയിച്ചു കൊടുത്തു. കാരണം അവനാണ് അവരെ വളർത്തിയത്. പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ അവർക്ക് നൽകിയത്. ഏറ്റവും വലിയ ഈ ബാധ്യതയിൽ നിന്ന് അവർ തിരിഞ്ഞുകളഞ്ഞപ്പോൾ നിങ്ങളത് നിർവഹിച്ചു. അക്കാരണത്താൽ അവർ നിങ്ങളെ ഭവനങ്ങളിൽ നിന്ന് പുറത്താക്കുകയും നിങ്ങളോട് ശത്രുത കാണിക്കുകയും ചെയ്തു.

ഇത്തരത്തിലുള്ള സത്യനിഷേധികളോട് മൈത്രീബന്ധം സ്ഥാപിക്കുന്ന ഒരടിമക്ക് എന്ത് ബുദ്ധിയും അന്തസ്സും മതവുമാണവശേഷിക്കുന്നത്. അതിൽ നിന്ന് അവരെ തടയുന്നത് ഭയവും ശക്തമായ ചില തടസ്സങ്ങളുമാണ്. (എന്റെ മാർഗത്തിൽ സമരം ചെയ്യാനും എന്റെ പ്രീതി നേടാനും നിങ്ങൾ പുറപ്പെട്ടിരിക്കുകയാണെങ്കിൽ). നിങ്ങൾ പുറപ്പെടുന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ വചനം ഉന്നതമാക്കാനും അവന്റെ തൃപ്തി ഉദ്ദേശിച്ചുമാണെങ്കിൽ നിങ്ങൾ മനസ്സിലാക്കണം അതിന്റെ താൽപര്യത്തിൽ പെട്ടതാണ് അല്ലാഹുവിന്റെ മിത്രങ്ങളോട് ബന്ധംസ്ഥാപിക്കലും അവന്റെ ശത്രുക്കളോട് ശത്രുത പുലർത്തലും. ഇതാവട്ടെ, അവന്റെ മാർഗത്തിലുള്ള ഏറ്റവും വലിയ സമരമാണ്. അല്ലാഹുവിലേക്ക് അടുക്കുന്നവർക്കും അവന്റെ തൃപ്തി ആഗ്രഹിക്കുന്നവർക്കും ഏറ്റവുമധികം അവനിലേക്ക് അടുക്കാനുള്ള മാർഗം.

(നിങ്ങൾ അവരുമായി രഹസ്യമായി സ്നേഹബന്ധം സ്ഥാപിക്കുന്നു. നിങ്ങൾ രഹസ്യമാക്കിയതും പരസ്യമാക്കിയതും ഞാൻ നല്ലവണ്ണം അറിയുന്നവനാണ്). സത്യനിഷേധികളോടുള്ള സ്നേഹബന്ധത്തെ നിങ്ങളെങ്ങനെ മറച്ചുവയ്ക്കും? നിങ്ങൾ മറച്ചുവയ്ക്കുമ്പോൾ തന്നെ നിങ്ങൾക്കറിയാം; തീർച്ചയായും അല്ലാഹു നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അറിയുന്നവനാണെന്ന്. സത്യവിശ്വാസികൾ അത് അറിയുന്നില്ലെങ്കിലും അല്ലാഹുവിൽനിന്ന് അത് രഹസ്യമാകുന്നില്ല. തന്റെ അടിമകളിൽനിന്നും അവനറിയുന്ന നന്മകൾക്കുംതിന്മകൾക്കും അവൻ വഴിയെ പ്രതിഫലം നൽകും. (നിങ്ങളിൽ നിന്ന് വല്ലവനും അപ്രകാരം പ്രവർത്തിക്കുന്ന പക്ഷം) അതായത് അല്ലാഹു താക്കീത് ചെയ്തിട്ടും സത്യനിഷേധികളോട് മൈത്രീബന്ധം സ്ഥാപിക്കൽ. (അവൻ നേർമാർഗത്തിൽനിന്ന് പിഴച്ചുപോയിരിക്കുന്നു) കാരണം മതവിരുദ്ധവും മനുഷ്യത്വരഹിതവും ബുദ്ധിശൂന്യവുമായ ഒരു വഴിയിലാണ് അവൻ പ്രവേശിച്ചിരിക്കുന്നത്.

ടി.കെ.അശ്റഫ്
tkashraf100@gmail.com



# സ്വവർഗ ലൈംഗികത മനുഷ്യത്വവിരുദ്ധം

ഇന്ത്യൻ നിയമവും സംസ്കാരവും സ്വവർഗ വിവാഹം അനുവദിക്കില്ലെന്ന് കേന്ദ്രസർക്കാർ ഡൽഹി ഹൈക്കോടതിയെ അറിയിച്ചതായുള്ള വാർത്ത കണ്ടു. സ്വവർഗവിവാഹത്തിന് അനുമതി തേടിയുള്ള ഹരജിയിലാണ് സോളിസിറ്റർ ജനറൽ തുഷാർ മേത്ത ഇക്കാര്യം ഡൽഹി ഹൈക്കോടതിയെ അറിയിച്ചത്.

ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന 377ാം വകുപ്പനുസരിച്ച് സ്വവർഗ ലൈംഗികത കുറ്റകൃത്യമായിരുന്നു. 2018 സെപ്റ്റംബറിൽ 377ാം വകുപ്പ് ഒഴിവാക്കി സ്വവർഗ ലൈംഗികത കുറ്റകരമല്ലെന്ന് സുപ്രീം കോടതി വിധിക്കുകയുണ്ടായി. അന്ന് വാദംനടക്കുന്ന വേളയിൽ സർക്കാരിന്റെ അഭിപ്രായം സുപ്രീം കോടതി ആരായുകയുണ്ടായെങ്കിലും കോടതിയുടെ ഇഷ്ടപ്രകാരം തീരുമാനിക്കാം എന്ന ഒഴിഞ്ഞുമാറിയുള്ള മറുപടിയാണ് കേന്ദ്രസർക്കാറിൽനിന്നുണ്ടായത്. അതിനെത്തുടർന്നാണ് സ്വവർഗലൈംഗികത കുറ്റകൃത്യമല്ലെന്ന വിധിയുണ്ടായത്.

എന്നാൽ ഇപ്പോൾ ഡൽഹി ഹൈക്കോടതിയിൽ സ്വവർഗ വിവാഹത്തിന് അനുമതി തേടിയെത്തിയ ഹരജിയിൽ വാദം കേൾക്കെ കേന്ദ്രസർക്കാർ അതിനെതിരെ രംഗത്തുവന്നത് വൈകിയുദിച്ച വിവേകമാണ്. അന്നുതന്നെ സ്വവർഗലൈംഗികത കുറ്റകൃത്യമല്ലാതാക്കുന്ന നീക്കത്തെ എതിർത്തിരുന്നുവെങ്കിൽ ഇപ്പോൾ സ്വവർഗ വിവാഹത്തെ എതിർത്തു തോൽപിക്കാൻ എളുപ്പമായിരുന്നു. വൈകിയാണെങ്കിലും ഈ വിഷയത്തിൽ സർക്കാരിന് വിവേകമുദിച്ചതിൽ സന്തോഷമുണ്ട്.

ഇതിനെ മനുഷ്യാവകാശ ധ്വംസനമെന്നു വിശേഷിപ്പിച്ച് പലരും രംഗത്തുവന്നേക്കാം. എന്നാൽ സ്വവർഗരതിയുടെ അനന്തരഫലം അതിൽ ഏർപ്പെടുന്നവരുടെ ഭാവിജീവിതത്തെയും ആരോഗ്യത്തെയും ബാധിക്കുന്നതാണെന്നു വരുമ്പോൾ അവരുടെ അവകാശത്തെ ഹനിക്കുന്നതായി വിലയിരുത്താൻ കഴിയില്ല. ഒരു രാജ്യത്തിലെ ഭൂരിപക്ഷമാളുകളും മനുഷ്യാവകാശത്തിന്റെയും തുല്യനീതിയുടെയും പേരിൽ സ്വവർഗാനുരാഗികളായി മാറിയാൽ എന്തായിരിക്കും അവസ്ഥ എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും.

ലോകത്ത് 87% രാജ്യങ്ങളിലും സ്വവർഗവിവാഹം ഇപ്പോൾ അനുവദനീയമല്ലെന്നിരിക്കെ ചില പാശ്ചാത്യ രാജ്യങ്ങളിൽ മാത്രം നടക്കുന്ന കുത്തഴിഞ്ഞ സംസ്കാരത്തിന് കുടപിടിക്കാൻ നമ്മുടെ രാജ്യം ഒരിക്കലും തയ്യാറാകരുത് എന്നാണ് പറയാനുള്ളത്.

'സഡോമി' (ആൺസ്വവർഗരതി), 'ലെസ്ബിയനിസം' (പെൺസ്വവർഗരതി) എന്നിങ്ങനെ സ്വവർഗരതി രണ്ടുതരമുണ്ട്. വിവാഹബന്ധത്തിലൂടെയുള്ള ആൺ-പെൺ ലൈംഗിക ബന്ധത്തിനപ്പുറം മറ്റൊരു തരം ബന്ധത്തെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഇതുസംബന്ധിച്ച് ക്വുർആൻ പറയുന്നത് കാണുക:

"ലൂത്വിനെയും (നാം അയച്ചു) അദ്ദേഹം തന്റെ ജനതയോട്, 'നിങ്ങൾക്ക് മുമ്പ് ലോകരിൽ ഒരാളും തന്നെ ചെയ്തിട്ടില്ലാത്ത ഈ നീചവൃത്തിക്ക് നിങ്ങൾ ചെല്ലുകയോ' എന്ന് പറഞ്ഞ സന്ദർഭം (ഓർക്കുക). സ്ത്രീകളെ വിട്ട് പുരുഷന്മാരുടെ അടുത്തുതന്നെ നിങ്ങൾ കാമവികാരത്തോടെ ചെല്ലുന്നു. അല്ല, നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കുന്ന ഒരു ജനതയാകുന്നു" (ക്വുർആൻ 70:80,81).

"നാം അവരുടെമേൽ ഒരുതരം മഴ വർഷിപ്പിക്കുകയും ചെയ്തു. അപ്പോൾ ആ കുറ്റവാളികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക" (7:84).

സ്വവർഗ ലൈംഗികതയിൽ ഏർപ്പെടുന്ന എല്ലാവർക്കും ലൂത് നബി(ﷺ)യുടെ ജനതക്ക് ലഭിച്ച ശിക്ഷ വലിയൊരു പാഠമാണ്. ഇഹലോകത്ത് ഒരുപക്ഷേ, അവർ മാരകമായ രോഗംകൊണ്ടോ മറ്റോ പരീക്ഷിക്കപ്പെട്ടേക്കാം. എന്നാൽ പരലോകത്ത് അവർ കഠിനമായ ശിക്ഷക്ക് വിധേയരാകുമെന്നതിൽ യാതൊരു സംശയവുമില്ല.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...

**താങ്കൾ കേട്ടു തുടങ്ങിയോ?**



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 SEPTEMBER 26

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
# നേർപഥം ക്വിസ്
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
**കൂടാതെ ശരിയുത്തരമയക്കുന്ന**
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**
**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**